മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2024 June | Vol. 21 | Issue 229 | Price ₹ 60/-



ആർക്കിടെക്ചർ പഠനം
വിടവ് നികത്തണം –
ആർക്കിടെക്ചറൽ വിദ്യാഭ്യാസത്തെയും
പ്രൊഫഷണൽ പ്രാക്റ്റീസിനെയും സമന്വയിപ്പിക്കണം
ആർക്കിടെക്റ്റ് ദിപു ജോർജ്

## റെസിഡൻഷ്യൽ ആർക്കിടെക്ചർ

• ആർക്കിടെക്ചർ മേഘമൽഹാർ ടി സ്ക്വയർ ആർക്കിടെക്റ്റ്സ്, കോഴിക്കോട് • ഡ്രീംഹോം ഫ്ളോട്ട് – എൻ – ഫോൾഡ് ഹൗസ് ആർക്കിടെക്ചർ.സീഡ്, എടപ്പാൾ • ഡ്രീംഹോം ഹരിതാഭ നിറയുന്ന ട്രോപ്പിക്കൽ വീട് കോഗ്നീഷ്യൻ സ്റ്റുഡിയോ, പെരിന്തൽമണ്ണ • ഡ്രീംഹോം ദി ഹാർപ്പ് ട്രോപ്പിക്കൽ ആക്സിയം, തൃശ്ശൂർ • നാനോഹോം ക്യൂട്ട് & കോംപാക്റ്റ് ഹോം ജെയ്ഡ് അർക്കിടെക്റ്റ്സ്, തൃശ്ശൂർ • ഡ്രീംഹോം തലയെടുപ്പുള്ള വീട് ആരിഫ് അസോസിയേറ്റ്സ്, കോഴിക്കോട്




With latest designs and technologies, Livsmart fittings ensure your kitchen is functional, convenient, and elegant, making you want to spend more time in the heart of your home.


Kitchen Baskets SS 304


Corner Solutions


Storage & Overhead Systems


Waste Sorting Systems


Furniture Lights - LED

ebco SINCE 1963

Scan with smartphone to view our Livsmart Brochure


Truly Indian and World-Class.

Reach us at info@ebco.in or call +91-22-6783 7777 | Toll free 1800 120 1122 | Web ebco.in

North Kerala: Concord Enterprises National Discovery Center: Concord Enclave, Near Daivathumkavu Temple, Kommeri PO, Methottuthazham, Calicut - 673007. Tel.: 8606357229 / 8606199229. Email: info@concordkerala.com | Branch Office: Door No. 13/345, Porathur Building, Near Chittissery Convent, Chittissery PO, Thrissur - 680301. Tel: 9947263229/8113812229. Email: info@concordkerala.com

South Kerala: Technical Trade Links National Discovery Center: 32/2249-B1, B2, Greenland Heights, Civil Lane Road, Palarivattom, Cochin - 682025. Tel.: 0484 2333394/95 Email: ttlcochin@gmail.com, aliasjoji@gmail.com | City Discovery Center: Sree Vinayaka Shopping Complex, Opp. UST Global, Chithira Nagar, Kulathur P.O, Trivandrum - 695583. Tel: 8089000907. Email: displaytvm@technicaltradelinks.com

TEAM INDIA
ebco® Simplifying lives.
#AageBadhoIndia


FOVIT PLUS
DESIGN
BEYOND
COMPARE
Yamino
853
my fovit my favourite
SANITARYWARES I CISTERNS I CABINETS I MIRRORS I KITCHEN SINK I PUMPS
KANNUR : +91 4972 80 84 35, +91 9447 39 46 96 CALICUT : +91 4952 49 04 36, +91 9207 70 66 20
KOCHI : +91 4842 57 57 58, +91 9207 70 66 40 TRIVANDRUM : +91 9207 70 66 33, +91 7592 00 11 94
www.myfovit.com

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ
ഡിസൈനർ +ബിൽഡർ
DESIGNER+BUILDER

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
എൽ. ഗോപകുമാർ, *ആർക്കിടെക്റ്റ്*

Designer Publications Kerala Pvt. Ltd.
FACILITATING ARCHITECTURE
www.designerplusbuilder.com

DESIGNER
PATHFINDER
THE EXPERIENCE CENTRE
an initiative of
Designer Pubications Kerala Pvt. Ltd.

മാഗസിനിൽ പ്രോജക്റ്റുകൾ പ്രസിദ്ധീകരിയ്ക്കാനാഗ്രഹിക്കുന്നവർ പ്രോജക്റ്റ് ചിത്രങ്ങളും വിശദാംശങ്ങളും ഇമെയിലായി അയയ്ക്കുക.

വിലാസം:
editor@designerpublications.com

കോർപ്പറേറ്റ് ഓഫീസ്
**ഡിസൈനർ പബ്ലിക്കേഷൻസ്**
**കേരള പ്രൈവറ്റ് ലിമിറ്റഡ്**
39/4722, ഡി പി കെ ടവേഴ്സ്,
ആർ. മാധവൻനായർ റോഡ്
(ഓൾഡ് തേവര റോഡ്), കൊച്ചി-16

ഫോൺ: **0484- 236 7111**
**89433 59222**

info@designerpublications.com
editor@designerpublications.com
marketing@designerpublications.com
circulation@designerpublications.com
subscription@designerpublications.com



# പരിസ്ഥിതിലോല മേഖലകളിലെ നിർമ്മാണം നിരോധിക്കണം

പരിസ്ഥിതിക്ക് ദോഷം വരാതെയുള്ള കെട്ടിട നിർമ്മാണം എന്നത് ശുദ്ധ അസംബദ്ധമാണ്. അങ്ങനെയൊന്നില്ല. നിലാവിന്റെ ചാറ് പോലെയോ പാറ പിഴിഞ്ഞ് സത്തെടുക്കാമെന്നു പറയുന്നതു പോലേയോ ഒക്കെയുള്ള ഒരു കാല്പനിക സങ്കല്പം മാത്രമാണ് സുസ്ഥിര നിർമ്മാണം, പ്രകൃതി സൗഹൃദ രചനാശൈലി എന്നൊക്കെ പറയുന്നത്. ഏതൊരു തരത്തിലുള്ള നിർമ്മാണവും പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കും. കേവലം ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്ന് മാത്രം. പരിസ്ഥിതി ലോല മേഖലകളിലേക്ക് ആസൂത്രിതമായ കടന്നു കയറ്റം നടത്തുകയും പിന്നീട് ജനവാസ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് സംസ്ഥാനത്ത് സർവ്വസാധാരണമാണ്. ഈ പ്രതിലോമശക്തികൾക്കൊപ്പമാണ് സർക്കാരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ വൃന്ദവും. പക്ഷേ എവിടെയെങ്കിലും തിരുത്തൽ അനിവാര്യമാണ്. വനമേഖലയിൽ വികസനത്തിന്റെ മറവിൽ നടത്തുന്ന കയ്യേറ്റം പൂർണ്ണമായും ഒഴിവാക്കണം. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നിന്നും ജനപഥങ്ങൾ ഒഴിഞ്ഞു പോകണം. കേവലം കുറച്ചു മനുഷ്യരുടെ ഉപജീവനമെന്ന വാദമുഖമുയർത്തി സമസ്ത ലോകത്തിനും ആപത്ത് ക്ഷണിച്ചു വരുത്തരുത്. ആവാസ യോഗ്യമായ ഇടങ്ങൾ മാത്രം വികസിപ്പിക്കുന്ന ആസൂത്രണവും നയവും നമുക്ക് വേണം. കേവലം പത്തു ശതമാനം ഭൂമി മതി നമുക്കെല്ലാവർക്കും സുഖമായി ജീവിക്കാൻ. അളവറ്റ ആർത്തിയാണ് ഭൂമി കയ്യേറ്റത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്. മനുഷ്യരാശിക്കു തന്നെ വിനാശകരമായ ഈ കയ്യേറ്റങ്ങൾ നിരോധിച്ചേ മതിയാകൂ. വനത്തിലേക്കും മലകളിലേക്കും നീളുന്ന വഴിത്താരകൾ മുറിച്ചേ മതിയാകൂ. വീടായാലും പൊതു ആവശ്യത്തിനായാലും ഇത്തരം ഭൂപ്രദേശം ഉപയോഗിക്കാൻ പാടില്ല. ഇവിടെ കെട്ടിട നിർമ്മാണം പൂർണ്ണമായും നിരോധിക്കണം, നിയന്ത്രിക്കുകയല്ല വേണ്ടത്. ഈ ഭൂമിയിൽ വാസം സാധ്യമാകണമെങ്കിൽ സ്വയം നിയന്ത്രിച്ചേ പറ്റൂ.

**എൽ. ഗോപകുമാർ**
*ചീഫ് എഡിറ്റർ*

All rights reserved by Designer + Builder.Any part of this publication may be reproduced only with the written permission from the Editor.The Editors do their best to verify the information published but do not take responsiblity for the absolute accuracy of the information. All objections, disputes, differences, claims & proceedings are subject to Ernakulam Jurisdiction.

Scan QR code
to visit website

DEWTON® LED
GERMANY




METAL

Email: dewtonled@gmail.com | www.dewtonindia.com

- DOMESTIC LIGHTS
- COMMERCIAL LIGHTS
- ARCHITECTURAL LIGHTS
- INDUSTRIAL LIGHTS


DMTL 15 *(15W)*


DMDT 20 *(20W)*


DMBS 10 *(10W)*


DMBS 20 *(20W)*


DMST 10 *(10W)*


DMST 18 *(18W)*

*Customer Enquiry:* + 91 97784 22644
*Project Enquiry:* + 91 82819 98362

## അഡ്വൈസറി ബോർഡ്


**ഡോ. സെബാസ്റ്റ്യൻപോൾ**


**എൻ.എം. സലിം**
*ആർക്കിടെക്റ്റ്*


**ആർ.കെ. രമേഷ്**
*ആർക്കിടെക്റ്റ്*


**എൻ. മഹേഷ്**
*ആർക്കിടെക്റ്റ്*

## എഡിറ്റോറിയൽ ബോർഡ്


**ഡോ. ആശാലതാ തമ്പുരാൻ**
*ആർക്കിടെക്റ്റ്*


**പി.വി. ഹരി**
*ആർക്കിടെക്റ്റ്*


**ജി. ശങ്കർ**
*ആർക്കിടെക്റ്റ്*


**ജെഫ് ആന്റണി**
*ആർക്കിടെക്റ്റ്*


**എസ്. ഗോപകുമാർ**
*ആർക്കിടെക്റ്റ്*


**സന്തോഷ്പോൾ**
*ആർക്കിടെക്റ്റ്*


**ലാലിച്ചൻ സക്കറിയാസ്**
*ആർക്കിടെക്റ്റ്*


**ടോണി ജോസഫ്**
*ആർക്കിടെക്റ്റ്*

YouTube Designer Publications Like & Subscribe

# ECO-FRIENDLY
## Products for BETTER LIFE...
**GOING GREEN AND SMART IS THE NEED OF THE HOUR**

Since 1942
Supreme®
People who know plastics best
**TOTAL PIPING SOLUTION**




• **Water Management** • **Plumbing** • **Drainage** • **Sewerage**

### Unique features

- Widest range
- Stronger and resilient
- Excellent resistance to corrosion and chemical attacks
- Perfect hydraulic properties
- Simple and leak proof joints
- Quick and convenient installation
- Designed to last for more than 50 years
- Maintenance free
- Eco-friendly
- Most cost effective

**Explore Supreme's exhaustive product range of over 9000 eco sensible green products and find a perfect match for your smart homes!**

+91-22-4043 0000
Toll Free: 1800-102-4707

pvc-pipes@supreme.co.in
www.supreme.co.in

Download the App **Supreme Pipes** — ANDROID APP ON Google play — Download on the App Store

***Jeevan bhar ka saath...***

## THE SUPREME INDUSTRIES LIMITED

**1st Floor, Dubai Towers, Edappally-Arkkakadavu Road, Near Vennala Co-operative Bank, Vennala P.O., Kochi-682028, Ph: 0484-2803345, 2803646**

Dealers: **Thiruvananthapuram** : Sree Padmam Agencies - 2361109, **Attingal**: ABC Buildware-9544476655 **Kollam**: Udaya Sanitary and Hardware - 2794555. **Haripad**: Rajam Traders - 2473620, **Pala**: Ashok Trade Lines - 2200225, **Thiruvalla**: Kovoor Agencies - 9846608725, **Thodupuzha**: Vijaya Hardware & Sanitary - 9447186690, **Kattapana**: Kollamkudiyil Agencies - 9495983023, Maliyekkal Pipes : -9961833332, **Ernakulam**: Universal Pipes - 2807423, Jayaraj Pipe Traders - 2530785, Jane Sanitation - 9388879006, Sanitary Equipments Stores - 2360719, **Thrissur**: Universal Distributors - 2429251, Team J-Star Enterprises - 2352777, **Palakkad**: Jayaraj Pipe Traders - 2502607, **Perinthalmanna**: Jane Marketing - 227830, **Kozhikode**: Classic Pipe Syndicate - 2700017, Jayaraj Pipe Traders - 2769043, Supreme Sales Corporation - 2744555, **Wayanad**: T.P. Buildware - 220229, **Kannur**: Tap Gallery- 2835769, Shreyas Engineering - 2709663, **Kasaragod**: ABC Buildwares (India) Pvt. Ltd - 2808435, Christ Agencies - 4220218.

# ഉള്ളടക്കം



ഫോട്ടോ കടപ്പാട്
ആർക്കിടെക്റ്റ് ഫാസിൽ മൊയ്തുണ്ണി

ഫോട്ടോഗ്രഫി
ലിങ്ക് സ്റ്റുഡിയോ


ആർക്കിടെക്ചർ പഠനം

വിടവ് നികത്തണം- ആർക്കിടെക്ചറൽ വിദ്യാഭ്യാസത്തെയും പ്രൊഫഷണൽ പ്രാക്റ്റീസിനെയും സമന്വയിപ്പിക്കണം ...... 14

## റെസിഡൻഷ്യൽ ആർക്കിടെക്ചർ

ആർക്കിടെക്ചർ

മേഘമൽഹാർ ...... 18

ഡ്രീംഹോം

ഫ്ളോട്ട്-എൻ-ഫോൾഡ് ഹൗസ് ...... 32

ഹരിതാഭ നിറയുന്ന ട്രോപ്പിക്കൽ വീട് ...... 42

ദി ഹാർപ്പ് ...... 50

തലയെടുപ്പുള്ള വീട് ...... 68

നാനോഹോം

ക്യൂട്ട് & കോംപാക്റ്റ് ഹോം ...... 58

## പ്രൊഡക്റ്റ്സ് & ന്യൂസ് ...... 80


## Leads to your Needs





**ARCHITECTURAL HARDWARE & KITCHEN**

Ebco ...... Inside Front Cover
Kochi
PH: 022 67837777

**BATHROOM & FITTINGS**

ABC Emporio ...... Back Cover
Kochi: 0484 2557575
Kannur: 0497028084

Bath & Beyond ...... 27
Thrissur
Ph: 0487 2383677, 2383678

Cera Style Studio ...... 31
Kochi
Ph: 0484 2365440

George Kaitharan Buildware ...... 10-11
Kurumassery, Kuruppampady
Ph: 9946144400, 9072330306

Tropical Bath Solutions Pvt Ltd ...... 9
Ph: 0484 4224111

Peekay In- Store ...... Inside Back Cover
Ph: 9605 355500

**COLLEGES**

TKM College ...... 17
Ph: 0474 2484666, 2731021, 8714878123

**FLOORS & WALLS**

Elegant Granites And Exports ...... 29
(Haique)
M- 7012985216, 8905995977

**LIGHTS & FITTINGS**

Dewton LED Germany ...... 5
M- 97784 17237, 62826 89894

Havells India Ltd ...... 15
M- 9633 666366

**MODULAR KITCHEN & APPLIANCES**

My fovit ...... 3
Ph: 8606608877, 9895016414

**PAINTS & WALL COATINGS**

Galtex ...... 79
Kochi
Ph: 0484 2542542, 9495013000

**PLUMBING SOLUTIONS**

The Supreme Industries Ltd ...... 7
Kochi
Ph: 0484 2803345, 2803646

**ROOFING**

Saint – Gobain ...... 25
Bangalore
Ph: 08030 978402

**WIRES & CABLES**

CMS (Gloster Cables) ...... 13
Ph: 0484 2355786

TROPICAL

# Luxury Made
## Beyond Imagination

We stand as your trusted ally in home enhancement from dreams to reality. Plunge in the opulence of our exquisite bath fittings, completing your refined living.



Villeroy & Boch 1748 | hansgrohe | fima CARLO FRATTINI rubinetterie | VitrA | AXOR

**Tropical Bath Solutions Pvt Ltd :** 34/136 A, Florence, NH Bypass , Edappally, Kochi, Kerala 682024

Sales Enquiry : **+91 90720 82323** **sales@tropicaltile.com** **www.tropicaltiles.com**




Kajaria
RAK CERAMICS
SOMANY
HÄFELE
Sleek THE KITCHEN SPECIALIST
JOHNSON
Hettich
NITCO
SIMERO
Simpolo ceramics
JOHNSON BATHROOMS
FRANKE
Parryware
Bestwood PVC Foam Boards
Kerovit By Kajaria
DENWUD
YAMA STAINLESS STEEL
multi wood
Kajaria PLY
EUROPA ANTI-THEFT ENGINEERING
hindware
Spider Spider Hardware
SUNHEARRT CERAMIK I BATHWARE
SakthiMan
FABER
Jaquar

GEORGE
KAITHARAN
BUILDWARE

**TILES | GRANITES**
**SANITARYWARE | HARDWARE**

KURUMASSERY | KURUPPAMPADY
**9946144400, 9072330306, 9072330317**

# 33 Years Of Legacy

"Welcome to George Kaitharan Buildware, your premier destination for top-notch construction and interior solutions. Renowned for our commitment to excellence, we specialize in providing a diverse range of high-quality materials, including tiles, granite, sanitary ware, and hardware.

Backed by years of industry expertise, our dedicated team ensures that every product meets stringent quality and durability standards. Our unwavering focus on quality assurance underscores our dedication to customer satisfaction and fostering lasting relationships. Explore our showroom for a comprehensive display of our offerings, and let our team guide you in selecting the perfect materials for your projects.

At George Kaitharan Buildware, we're not just building structures; we're building enduring masterpieces and lasting relationships."

George Kaitharan
Glen George Kaitharan



GEORGE
KAITHARAN
BUILDWARE

ഡിസൈനർ
DESIGNER + BUILDER
+ബിൽഡർ

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ




# SUBSCRIPTION FORM

Name: ______________________________

Address: ______________________________

______________________________

City: ______________________ Pin ______________

Tel: ______________ Mob: ______________ E-mail: ______________

Enclosed MO/DD/Cheque No ______________________ Dated ______________

Drawn on (Name of the Bank) ______________________ for ______________

in favour of 'Designer Publications Kerala Private Limited, Kochi'. For co-operative society cheques please add ₹250/-

| Period | No.of Issues | Price | You Pay | You Save | Abroad |
|---|---|---|---|---|---|
| ☐ 1 year | 12 | ₹ 720/- | **₹ 670/-** | ₹ 50/- | US$114 |
| ☐ 2 Year | 24 | ₹ 1,440/- | **₹ 1,340/-** | ₹ 100/- + Gift* | US$228 |
| ☐ 3 Year | 36 | ₹ 2,160/- | **₹ 2,000/-** | ₹ 160/- + Gift** | US$342 |

**Bank Account details :**

Beneficiary Name : Designer Publications Kerala (P) Ltd.
Bank Account No. : 1701008700214140
Bank's Name : Punjab National Bank
Branch Name : M G Road, Ravipuram, Kochi
Account Type : Cash Credit
NEFT/IFSC Code : PUNB0170100

You Can Subscribe / Purchase our Magazine & Book From
www.designerpublications.com

If you are making payment through RTGS/NEFT, Kindly send your address and transaction details to: subscription@designerpublications.com
Mob : +91 89433 59222, 0484 23 67 111




Free Gift*
with 2 year subscription




Free Gift**
with 3 year subscription

Scan & Pay

9446006304m@pnb

Please send the filled up form and cheque to:

**Designer Publications Kerala (P) Ltd.,**
DPK Towers, R. Madhavan Nair Road, Ravipuram, Kochi -16, Kerala, India
Tel: +91 0484 236 7111, 401 6613 Whatsapp: 89433 59222
subscription@designerpublications.com www.designerpublications.com

Designer Publications Kerala Pvt. Ltd.

GLOSTER

# Safety @ Home

## STARTS WITH GLOSTER CABLES




**TRIPLE LAYER FRLSH**

**Heat Resistant**
**Flame Retardant**
**Low Halogen**
**Low Smoke**

Triple Extrusion Technology

ISI IS 694




The most Trusted Wires across India.

CMS House, Opp. Fire Station, Gandhi Nagar, Ernakulam 682 017
Tel : (0484) 2635786, 2635780-99
E-mail : info@cmskochi.net
Branches:
Thiruvananthapuram : 94471 58878
Kozhikode : 94471 48868
Palakkad : 94472 80795

CMS® THE CABLE PEOPLE

CENTRAL MARKETING SYNDICATE

ISO 9001 BUREAU VERITAS Certification

One stop shop for all your cable needs

*Your home is safe with Gloster Cables..*



**ആർക്കിടെക്റ്റ് ദിപു ജോർജ്,**
ഡീൻ, ടി കെ എം സ്കൂൾ ഓഫ് ആർക്കിടെക്ചർ, എഴ്കോൺ, കൊല്ലം

# വിടവ് നികത്തണം –

## ആർക്കിടെക്ചറൽ വിദ്യാഭ്യാസത്തെയും പ്രൊഫഷണൽ പ്രാക്റ്റീസിനെയും സമന്വയിപ്പിക്കണം

ആർക്കിടെക്ചർ വിദ്യാഭ്യാസത്തിന് ആർക്കിടെക്ചറൽ പ്രൊഫഷനുമായി അടുത്ത ബന്ധം ഉണ്ടാകണം, ബിരുദധാരികൾക്ക് സാങ്കേതിക വൈദഗ്ധ്യവും, കെട്ടിടനിർമ്മാണ മേഖലയെയും ഡിസൈൻ തത്വങ്ങളെയും കുറിച്ച് വ്യക്തമായ അറിവും ഉണ്ടായിരിക്കണം. നിലവിൽ അക്കാദമിക് പരിശീലനവും പ്രൊഫഷണൽ പ്രതീക്ഷകളും തമ്മിൽ കാര്യമായ വിടവുണ്ട്. ഇന്ന് പല ബിരുദധാരികൾക്കും പ്രൊഫഷൻ വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ട മിനിമം നിലവാരം പോലുമില്ല. അതിനാൽ സമൂഹത്തിന്റെ ആവശ്യകതകൾ നിറവേറ്റാനും പുതുതലമുറ ആർക്കിടെക്റ്റുകൾക്ക് കഴിയുന്നില്ല.

ഡിസൈനിന്റെ അടിസ്ഥാന ഘടകങ്ങളിലും, പ്രായോഗിക പരിശീലനത്തിലും, ആർക്കിടെക്ചർ മേഖലയ്ക്ക് അഭികാമ്യമായ കഴിവുകളിലും ശക്തമായ അടിത്തറ പാകുന്നതിന് ഊന്നൽ നൽകുന്നതായിരിക്കണം സന്തുലിതമായ ആർക്കിടെക്ചറൽ വിദ്യാഭ്യാസം. ഇതിനൊപ്പം സിദ്ധാന്തങ്ങൾക്കും കലാപരമായ കാര്യങ്ങൾക്കും അർഹമായ പരിഗണന നൽകുകയും വേണം. പ്രാക്റ്റീസ് ചെയ്യുന്ന ഡോക്ടർമാർ തന്നെ ഫാക്കൽറ്റിമാരായും സേവനം അനുഷ്ഠിക്കുന്നതിലൂടെ സിദ്ധാന്തങ്ങളും ക്രിയാത്മക പരിജ്ഞാനവും സമഞ്ജസമായി സമന്വയിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഘടനയെ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. നിർഭാഗ്യവശാൽ വാസ്തുവിദ്യയുടെ കാര്യം പരിഗണിക്കുമ്പോൾ പല അധ്യാപകർക്കും പ്രാക്റ്റീസിങ് ആർക്കിടെക്റ്റുകൾക്കുള്ളത്ര പ്രൊഫഷണൽ അനുഭവസമ്പത്ത് ഇല്ല. ഇതിനാൽ ആർക്കിടെക്ചറൽ വിദ്യാഭ്യാസം സിദ്ധാന്തങ്ങളിൽ മാത്രം ഊന്നിയതും യാഥാർത്ഥ്യങ്ങളുമായി വേണ്ടത്ര ബന്ധമില്ലാത്തതും ആയി പോകുന്നു.

കൂടുതൽ പ്രാക്റ്റീസിങ് ആർക്കിടെക്റ്റുകൾ അധ്യാപന മേഖലയിലേക്ക് വന്നാലേ വിദ്യാർത്ഥികൾക്ക് ശക്തമായ സൈദ്ധാന്തിക അടിത്തറയ്ക്കൊപ്പം ആവശ്യമായ പ്രായോഗിക പരിജ്ഞാനവും പകർന്നു നൽകാനാകൂ

ഗവേഷണവും പ്രായോഗിക പരിജ്ഞാനവും ഒരുപോലെ പ്രോത്സാഹിപ്പിക്കപ്പെടുന്ന ഏകീകൃതമായ മാതൃക വികസിപ്പിച്ചെടുത്തെങ്കിലേ ഈ പ്രശ്നം പരിഹരിക്കാനാകൂ. കൂടുതൽ പ്രാക്റ്റീസിങ് ആർക്കിടെക്റ്റുകൾ അധ്യാപന മേഖലയിലേക്ക് വന്നാലേ വിദ്യാർത്ഥികൾക്ക് ശക്തമായ സൈദ്ധാന്തിക അടിത്തറയ്ക്കൊപ്പം ആവശ്യമായ പ്രായോഗിക പരിജ്ഞാനവും പകർന്നു നൽകാനാകൂ. പഠനത്തിനും ഗവേഷണത്തിനും ഒപ്പം പ്രായോഗിക പരിശീലനം കൂടി സമന്വയിക്കുമ്പോഴേ ഡിസൈനിലും സാങ്കേതികവിദ്യയിലും അഗ്രഗണ്യരും പ്രൊഫഷണൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നവരും സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് ഉചിതമായ പരിഹാരം കണ്ടെത്താൻ ശേഷിയുള്ളവരുമായ ആർക്കിടെക്ചർ ബിരുദധാരികളെ സൃഷ്ടിക്കാനാകൂ.


ചുരുക്കത്തിൽ, ആർക്കിടെക്ചറൽ വിദ്യാഭ്യാസം ഫലപ്രദമാകണമെങ്കിൽ ആർക്കിടെക്ചറൽ മേഖലയ്ക്കും സമൂഹത്തിനും അർത്ഥവത്തായ സംഭാവനകൾ നൽകാൻ ബിരുദധാരികളെ പ്രാപ്തരാക്കുന്നതിലൂടെ അക്കാദമിക് പരിജ്ഞാനവും പ്രൊഫഷണൽ പ്രാക്റ്റീസും തമ്മിലുള്ള വിടവ് നികത്താൻ സാധിക്കണം. ■



HAVELLS
Havells Lighting
Har Light mein Delight.
HOME ART LIGHTS
Premium range of Architectural and Decorative lights.
Technics
ARICA COB Spot Light
AZSTRO Downlight Swivel
MINOS Trimless COB Spot Light
AZSTRO Downlight
Spotshine Linear Light
buy online** at shop.havells.com
**Online shopping is applicable on select products.
Website : www.havells.com
/havells
/havellsindia
YouTube /havellsindia
/havells__india
HOME SERVICE
CARE 360
ASSURANCE • REACH • EFFICIENCY
Reach us on WhatsApp @ +91-9711773333 for any service related query.
For CARE 360, Call us at : Customer Care No. : 08045 77 1313
For dealers interested in opening new Havells Galaxy store, please e-mail at: galaxy@havells.com
All trademarks used herein are property of their respective owners. Any use of third party trademarks is for identification purposes only and does not imply endorsement.
HAVELLS INDIA LIMITED: 9th Floor, Vankarath Tower, NH Bypass Junction, Padivattom, Cochin 682024. Mob: 9633 666366

# ടികെഎം സ്കൂൾ ഓഫ് ആർക്കിടെക്ചർ

## എഴുകോൺ, കൊല്ലം




ടികെഎം കോളേജ് ട്രസ്റ്റിനു കീഴിൽ ആരംഭിച്ച എട്ടാമത്തെ വിദ്യാഭ്യാസ സ്ഥാപനമാണ് ടികെഎംസ്കൂൾ ഓഫ് ആർക്കിടെക്ചർ, എഴുകോൺ, കൊല്ലം. ടികെഎം കോളേജ് ട്രസ്റ്റ് ചെയർമാൻ തലവനായഭരണസമിതിയാണ് കോളേജിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 2014ൽ പ്രവർത്തനമാരംഭിച്ച ഈവിദ്യാലയത്തിൽ പ്രതിവർഷം 40 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി (കുസാറ്റ്), കൗൺസിൽ ഒഫ് ആർക്കിടെക്ചർ (സിഒഎ) എന്നിവയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വിദ്യാർത്ഥികൾക്ക് ഡിസൈൻ സംന്ധിയായ സൂക്ഷ്മ നിരീക്ഷണ പാടവത്തിനൊപ്പം കല, ശാസ്ത്രം എന്നിവയിൽ ശക്തമായ അടിത്തറ നൽകുന്നതിലും ബദ്ധശ്രദ്ധരാണ്. ഓരോ പ്രോജക്റ്റ് ഡിസൈനിനെയും സമഗ്രമായി സമീപിക്കുന്നതിലൂടെ  വിദ്യാർത്ഥിയുടെ ഡിസൈൻ മികവ് മെച്ചപ്പെടുത്താനും ലക്ഷ്യമായിട്ടുള്ളതാണ് ടി കെ എം സ്കൂൾ ഓഫ് ആർക്കിടെക്ചറിലെ ബോധന നയം. പരീക്ഷണങ്ങളിലൂടെ നേടുന്ന അറിവ് ആത്മവിശ്വാസം വളർത്തുന്നതിനൊപ്പം യാഥാർത്ഥ്യബോധത്തോടെ തൊഴിൽ രംഗത്തേക്കിറങ്ങാനും വിദ്യാർത്ഥിയെ പ്രാപ്തനാക്കും.







ചെയർമാൻ:
ടി. കെ. ഷഹാൽ
ഹസൻ മുസലിയാർ



പ്രിൻസിപ്പൽ:
ആർക്കിടെക്റ്റ്
ജോർജ് ജേക്കബ് പി



അഡ്മിനിസ്ട്രേറ്റർ
ഖാജാ എം.മുസലിയാർ



ഡീൻ:
ആർക്കിടെക്റ്റ്
ദീപു ജോർജ്ജ്

TKM
School of Architecture

TKM School of Architecture, Musaliar Hills,
Karuvelil P.O, Ezhukone, Kollam-691505,
Ph: +91 474 2484666,  +91 87 14 878 123
Email: admissions@tkmsa.ac.in  |  web: tkmsa.ac.in




## About TKM School of Architecture

Our COA-approved and CUSAT-affiliated BArch program offers a transformative journey with immersive studio-based projects, awe-inspiring field trips, personalized one-on-one design sessions, and abundant skill-building opportunities. Take the first step towards a promising future in architecture by scheduling a meeting with our dedicated counselors.

The school's philosophy celebrates the pivotal role of design exploration and the profound knowledge of art & science.



**Contact for Admission**

**TKM School of Architecture,**
**Musaliar Hills, Karuvelil PO,**
**Ezhukone, Kollam-691505**

**0474 2484666 | +91 87 14 878 123**
admissions@tkmsa.ac.in

**TKM College Trust** #36, Musaliar Nagar PIN 691004
0474 2731021 tkmtrust@yahoo.com



# മേഘമൽഹാർ

## ട്രഡീഷണൽ - മോഡേൺ വാസ്തുഘടകങ്ങളെ അസന്തുലിതമായി കോർത്തിണക്കി ഒരുക്കിയ വീട്

ടെക്സ്റ്റ്: ടീം ഡിസൈനർ

ഫോട്ടോഗ്രഫി: ആർക്കിടെക്റ്റ് പ്രശാന്ത് മോഹൻ, റണ്ണിങ് സ്റ്റുഡിയോസ്

മേഘമൽഹാർ- അതേ, ഒരു ഹിന്ദുസ്ഥാനി രാഗം പോലെ ഹൃദ്യമാണ് ഈ വീട്. മനം കുളിർപ്പിക്കുന്ന പച്ചപ്പിനൊപ്പം സ്വാഭാവികതയുടെ ഗുണങ്ങളും സമകാലീനവാസ്തു ഘടകങ്ങളും ഇഴപിരിഞ്ഞ് കിടക്കുന്ന വസതിയെന്നു പറയാം, പാലക്കാട് ജില്ലയിലെ ചെറുപ്പളശേരിയിലുള്ള ഈ നിർമ്മിതിയെ. ചൂടിന്റെ തീവ്രത കുറച്ചധികം ഉള്ള ജില്ലയിലെങ്കിലും ഈ വീടിന്റെ കാഴ്ചയും അന്തരീക്ഷവും കണ്ണും മനസും കുളിർപ്പിക്കുന്നു. ഡോ. അനീഷ് മോഹനും ഡോ. സരിഗ ശിവനും വേണ്ടി പണികഴിപ്പിച്ച വീട് ആർക്കിടെക്റ്റ് ശരത്ത് മോഹൻ, ആർക്കിടെക്റ്റ് സ്വരൂപ് എബ്രഹാം (ടി സ്ക്വയർ ആർക്കിടെക്റ്റ്സ്, കോഴിക്കോട്) എന്നിവർ ചേർന്നാണ് മനോഹരമായി



ആർക്കിടെക്റ്റ് ശരത്ത് മോഹൻ

ആർക്കിടെക്റ്റ് സ്വരൂപ് എബ്രഹാം



^
**എക്സ്റ്റീരിയർ:**
കന്റംപ്രറി- ട്രഡീഷണൽ മിശ്രണത്തിലുള്ള എക്സ്റ്റീരിയർ ആദ്യകാഴ്ചയിൽ തന്നെ മനംകവരുന്നു. ബോക്സി പാറ്റേണുകൾ, ജിഐ കൊണ്ടുള്ള വെർട്ടിക്കൽ വെന്റിലേഷൻ ദണ്ഡുകൾ, സിംഗിൾ സൈഡ് സ്ലോപ്പ് റൂഫ്, കോൺക്രീറ്റ് ഫിനിഷുള്ള സപ്പോർട്ടിങ് ഭിത്തികൾ, എക്സ്പോസ്ഡ് ബ്രിക്ക് വാൾ, ഗ്ലാസ് വിതാനം എന്നിവയുടെയെല്ലാം അസെമട്രിക്ക് മട്ടിലുള്ള സങ്കലനം ഇവിടെ കാണാം.

^
**ലാൻഡ്സ്കേപ്:**
കലാത്തിയ ലൂട്ടിയ, ടെർമിനാലിയ, ഹെലിക്കോണിയ, വൈറ്റ് ലില്ലി, ഫിംഗർ പാം, ചെമ്പകം, പുൽത്തകിടി എന്നിവയുൾപ്പെടെ പച്ചപ്പിന്റെ സമൃദ്ധി തന്നെ മുറ്റത്ത് നിറയുന്നു. കോബിൾ സ്റ്റോൺ - താന്തൂർസ്റ്റോൺ കോമ്പിനേഷനിൽ ചെയ്ത പേവ്മെന്റ് ഫ്രണ്ട്യാർഡിനെ വെടിപ്പാക്കുന്നു.





ഡിസൈൻ ചെയ്തത്. ജീവൻ നിറയുന്ന, പുറംവെളിച്ചം ധാരാളമുള്ള ഒരു ഓപ്പൺ പ്ലാൻ ഉള്ള വീടായിരുന്നു, വീട്ടുടമസ്ഥരുടെ ആവശ്യം. ഇതനുസരിച്ച് ലിവിങ്, ഡൈനിങ്, കിച്ചൻ ഏരിയകൾ ഒഴുക്കോടെ ഇണക്കിച്ചേർത്തിരിക്കുന്നു. ആ നിലയ്ക്ക് നോക്കുമ്പോൾ പരസ്പരബന്ധിതമായ ഇടങ്ങളുടെ ഒരു ആഘോഷം തന്നെയാണിവിടം. വാസ്തു അനുസരിച്ചാണ് ഈ പ്ലാൻ നടപ്പാക്കിയതെന്നതും ശ്രദ്ധേയമാണ്. കാർപോർച്ച്, സിറ്റൗട്ട്, ലിവിങ്, ഡൈനിങ്, കിച്ചൻ, വർക്കേരിയ, ഓപ്പൺ സീറ്റിങ് സ്പേസ്, ഓഫീസ് കം ലൈബ്രറി, യൂട്ടിലിറ്റി,


**ലിവിങ്:**
കസ്റ്റമൈസു ചെയ്ത ബ്ലൂനിറത്തിലുള്ള സോഫയും ത്രോകുഷ്യനും ഇൻഡസ്ട്രിയൽ രീതിയിൽ ഒരുക്കിയ ടീപോയും ഇവിടെ ക്രമീകരിച്ചു. എക്സ്പോസ്ഡ് ബ്രിക്ക് വാൾ, സ്റ്റീലു കൊണ്ടുള്ള അഴികൾ, മണിപ്ലാന്റ് പടർത്തിയ നിഷ് ഏരിയകൾ, ഡബിൾ ഹൈറ്റിൽ നൽകിയ സിമന്റ് ഫിനിഷിലുള്ള സീലിങ് എന്നിവയെല്ലാം ചേർന്ന ഹൃദ്യമായ കോമ്പിനേഷനാണ് ഈ സ്പേസിനെ മനോഹരമാക്കുന്നത്.
V



വിൻഡോകളെല്ലാം യുപിവിസിയിലാണ് ഒരുക്കിയത്. വീടിന്റെ ഡിസൈൻ തീമിനെ കൂടുതൽ മികവുറ്റതാക്കാൻ വിൻഡോകളുടെ വിന്യാസം സഹായിച്ചു



അടഞ്ഞ ഭിത്തികൾ പാടെ ഒഴിവാക്കി, പകരം സെമിപാർട്ടീഷനുകൾ നൽകിയാണ് കോമൺ സ്പേസുകൾ ഡിസൈൻ ചെയ്തത്



കോറിഡോർ സ്പേസ്, ബാത് അറ്റാച്ച്ഡായ നാലുബെഡ്റൂമുകൾ, ബാൽക്കണി, ടെറസ് ഗാർഡൻ എന്നിവയാണ് ഇവിടുത്തെ സ്പേസുകൾ. തെക്ക് വശത്തിനഭിമുഖമായ 15.64 സെന്റ് പ്ലോട്ടിലാണ് വീടിന്റെ സ്ഥാനം. ഇടുങ്ങിയ മട്ടിലുള്ള പ്ലോട്ടായിരുന്നത് വെല്ലുവിളിയായി. തെക്കുവശത്തു നിന്നും സൈറ്റിലേക്കുള്ള അനുബന്ധറോഡ് അടുത്ത പ്ലോട്ടിൽ തീരുന്നതായിരുന്നു. എന്നാൽ ഈ വെല്ലുവിളി അവസരമാക്കി മാറ്റാനായി ശ്രമം. അതിനാൽ ഈ അനുബന്ധറോഡിൽ നിന്ന് കാണാനാകുന്ന വിധം പുതുമയുള്ള എലിവേഷൻ ഒരുക്കി. പരമാവധി വെന്റിലേഷനും നാചറൽ ലൈറ്റും കിട്ടുന്നതിനനുസരിച്ച് സ്ട്രക്ചർ സ്ഥാനപ്പെടുത്തി. ബാലൻസ് എന്ന ആശയത്തിനെ ഖണ്ഡിച്ച് കൊണ്ട് സമത്വം ഇല്ലായ്മ അല്ലെങ്കിൽ അസെമട്രിക്ക് എന്ന കോൺസെപ്റ്റിലാണ് ഇവിടെ എലിവേഷൻ പ്രത്യേകിച്ചും മുഖപ്പ് ഡിസൈൻ ചെയ്തത്. വീടിന്റെ വ്യത്യസ്തമായൊരു ഫീച്ചറായ സിംഗിൾ സൈഡ് സ്ലോപ്പ് റൂഫ് പടിഞ്ഞാറേ അറ്റത്തായി നൽകി. ഇതോടു ചേർന്നാണ് രൂപത്തിലും ധർമ്മത്തിലും



^
**ഡൈനിങ്:**
വുഡൻടേബിളും ഹാർഡ്കുഷ്യൻ കസേരകളും ഡൈനിങ് സ്പേസിൽ ഫർണിച്ചറായി ഒരുക്കി. ഗോവണിയ്ക്ക് ചുവടെയുള്ള പച്ചപ്പിന്റെ കാഴ്ചയാണ് ഇവിടെ നിന്ന് കാണാനാകുന്നത്.

## സീലിങ്മൗണ്ടഡ് ലൈറ്റുകളും വുഡൻ ഫിനിഷ് സീലിങ്‌വർക്കും നൽകിയാണ് വാഷ് ഏരിയയുടെ ഭാഗം ഹൈലൈറ്റ് ചെയ്തത്



< **ഗോവണി:**
ലിവിങ് സ്പേസിലെ ഹാഫ് പാർട്ടീഷന്റെ മറുഭാഗത്ത് നിന്ന് സ്ലോപ്പ് പാറ്റേണിലാണ് ഗോവണി സ്ഥാനപ്പെടുത്തിയത്. സോളിഡ് വുഡ് കൊണ്ടുള്ള പടികളും സ്റ്റീലും വുഡൻ പൈപ്പിങ്ങും ചേർത്താണ് ഗോവണി ഒരുക്കിയത്. ചെടികൾ വളർത്തിയാണ് ഗോവണിയുടെ കീഴെയുള്ള സ്പേസിന് ജീവനേകിയിരിക്കുന്നത്.



ജിഐ ഷീറ്റ് ബോക്സുകളാക്കി മടക്കി, അതിനിടയിൽ ഗ്ലാസ് ഫ്രെയിം വെച്ചാണ്, സിഗ്സാഗ് പോലെയുള്ള ഡിസൈൻ വെന്റിലേഷൻ ഷാഫ്റ്റിന് നൽകിയത്

^
**കോറിഡോർ:**
വുഡൻ ടൈലും ലെതർഫിനിഷ് ഗ്രനൈറ്റും കൊണ്ട് ബോർഡർ ഫ്ളോറിങ്ങും ജിഐ - വുഡൻ ഹാൻഡ്റെയിലും നൽകിയ കോറിഡോർ സ്പേസ്. കോൺക്രീറ്റ് ഫിനിഷിലുള്ള സീലിങ് ഈ സ്പേസിന് പകരുന്ന സ്വാഭാവികത ഏറെ ഹൃദ്യമാണ്. ഡബിൾ ഹൈറ്റിൽ നൽകിയ ബേഡ്നെസ്റ്റ് മൾട്ടിലെയർ ഹാങ്ങിങ് ലൈറ്റ് സ്പേസിനെ കൂടുതൽ മനോഹരമാക്കുന്നു.



< **കിളിവാതിൽ:**
ലിവിങ്ങിന്റെ ഡബിൾഹൈറ്റ് ഏരിയയിൽ നൽകിയ കിളിവാതിൽ. തേക്കുതടി ഉപയോഗിച്ചാണ് ഇത് കസ്റ്റമൈസ് ചെയ്തത്.

CertainTeed
SAINT-GOBAIN
ROOFING SHINGLES











# Come, be a part of Roofing Revolution in India

Saint-Gobain's Roofing Shingles offer impressive aesthetics coupled with an endearing technical performance, bringing in style and durability to your sloped roofs.

Saint-Gobain's CertainTeed Brand of Shingles are increasingly preferred across India for Bungalows, Mansions, Resorts, Gated Communities and Townships.

With a pan-India Authorized Dealer and Applicator network, it is now convenient for you to have enchanting roofs that deliver an eco-friendly international appeal.

7+ Designs | 20+ Colours | 100% Waterproofing | #1 Roofing Shingles in India

SAINT-GOBAIN

Scan to know more about us

**SAINT-GOBAIN SHINGLES**
CertainTeed, Grindwell Norton Limited,
Devanahalli Road, Off Old Madras Road, Bangalore – 560 049
Tel. : +91 80 4697 8623 24*7 : +91 98801 71107
Email: certainteed-india@saint-gobain.com
Website: www.certainteed.in




ഒരു പോലെ പ്രാധാന്യമുള്ള സെൻട്രൽ വെന്റിലേഷൻ ഷാഫ്റ്റ്. ജിഐ ഷീറ്റ്, ബോക്സുകളാക്കി മടക്കി, അതിനിടയിൽ ഗ്ലാസ് ഫ്രെയിം വെച്ചാണ്, സിഗ്സാഗ് പോലെയുള്ള ഡിസൈൻ വെന്റിലേഷൻ ഷാഫ്റ്റിന് നൽകിയത്. ഇതോട് ചേർന്നുള്ള എല്ലാ കോമൺ സ്പേസുകളിലും ധാരാളം സ്വാഭാവിക വെളിച്ചമെത്തിക്കുന്നതിനൊപ്പം സോളിഡായ ഒരു കന്റംപ്രറി എലമെന്റ് കൂടിയാണിത്. നിഴലും വെളിച്ചവും ഇടകലർന്ന് അകത്തളത്തിലെത്തുന്ന വിധമാണ് ഈ സെൻട്രൽ വെന്റിലേഷൻ ദണ്ഡുകളുടെ ഡിസൈൻ. സ്പേസിന്റെ രൂപഭംഗിയും അന്തരീക്ഷവും ഏറെ മികച്ചതാക്കാൻ ഈ ഡിസൈനിലൂടെ സാധിച്ചു. വീടിനെ ഒറ്റ സ്പേസായി ചേർത്തു നിർത്തുന്ന മധ്യവർത്തി കൂടിയാണ് ഈ എലമെന്റ്. ഇതു കൂടാതെ, പരമ്പരാഗത ശൈലിയുടെ ഹൃദ്യതയും സമകാലീന ഡിസൈനിന്റെ ധർമ്മഗുണങ്ങളും ഇവിടെ ഏകോപിച്ചതിനാൽ തന്നെ, കിളിവാതിൽ അല്ലെങ്കിൽ പൊതുവേ ബേ






**< ബെഡ്റൂമുകൾ:** ലാളിത്യം നിറയുന്ന കിടപ്പുമുറികൾക്ക് ഫാബ്രിക്ക് ഫർണിഷിങ്ങിലൂടെ നിറങ്ങളുടെ കോൺട്രാസ്റ്റ് കൊണ്ടു വരുന്നു. ഹെഡ്റെസ്റ്റ് ഏരിയയിൽ അപ്ഹോൾസ്റ്ററി നൽകിയതിനൊപ്പം കോൺക്രീറ്റ് ഫിനിഷ് സീലിങ്ങിൽ സ്പോട്ട് ലൈറ്റുകളും നൽകി. വുഡൻ വെനീർ ഫിനിഷിൽ വാഡ്രോബുകൾ ഒരുക്കി. റോമൻ ബ്ലൈൻഡ്സാണ് ജനൽമറയായി നൽകിയത്.




AXOR hansgrohe
hansgrohe
Artize
Jaquar
DURAVIT
CATALANO
TOTO
GEBERIT
SCHELL
HÄFELE

Nethaji Road, Thoppinmoola, Aranattukara P.O., Thrissur, Kerala - 680 618
+91 487 238 3677 - 78 7909 1000 17
office@bathandbeyond.in www.bathandbeyond.in offical.bathandbeyond

BATH & BEYOND®
Experience Life Style



**GROUND FLOOR PLAN**

1. Sit out
2. Living Area
3. Bedroom
4. Office/Library
5. Open Seating Space
6. Dining
7. Kitchen
8. Work Area
9. Bedroom
10. Toilet



**FIRST FLOOR PLAN**

11. Utility
12. Bedroom
13. Toilet
14. Balcony
15. Corridor Space
16. Toilet
17. Bedroom
18. Terrace Garden

| PROJECT DETAILS | |
|---|---|
| Architects | Ar. Sarath Mohan<br>Ar. Swaroop Abraham<br>T Square Architects, Kozhikode |
| Engineer | Er. Muhammed Naseef PA, Glenearth Constructions LLP |
| Owner | Dr. Aneesh Mohan & Dr. Sariga Sivan |
| Location | Cherpulassery, Palakkad |
| Year of Completion | 2023 |
| Site Area | 15.64 Cents |
| Built Area | 2748 Sq.Ft. |




NOW AVAILABLE AT
Elegant Granites And Exports
breton
Driven by Innovation
SCAN & FOLLOW
Opp Weapon Equipment Depot, Nochima, Ernakulam, Kerala
7012985216 | Sateesh(Sales Representative) 8905995977
Elegantgranitesandexports@gmail.com



ഡോ. അനീഷ് മോഹൻ & ഡോ. സരിഗ ശിവൻ

**കിച്ചൻ:**
ഗ്രേ- വൈറ്റ് നിറങ്ങളുടെയും സിമന്റ് ഫിനിഷിന്റെയും കോമ്പിനേഷനാണ് ഈ സ്പേസിൽ വരുന്നത്. മറൈൻ പ്ലൈ- ലാമിനേഷൻ ഫിനിഷിൽ ക്യാബിനറ്റുകളും നാനോവൈറ്റ് ഒട്ടിച്ച് കൗണ്ടർടോപ്പും ഒരുക്കി.
V



വിൻഡോ എന്നു പറയപ്പെടുന്ന സ്പേസ് ശ്രദ്ധേയമായ എലമെന്റായി ഉൾക്കൊള്ളിച്ചതായി കാണാം. ഡബിൾ ഹൈറ്റുള്ള ലിവിങ് റൂമിന്റെ ഫോക്കൽപോയിന്റാണ് ഈ കിളിവാതിൽ. സാംസ്കാരിക പ്രാധാന്യത്തോടൊപ്പം, ഈ വീടിന് ഒരു തനത് സ്വഭാവം കൊണ്ടുവരാനും കിളിവാതിലിന് കഴിഞ്ഞു. വുഡിനൊപ്പം, ഗ്ലാസ്, സ്റ്റീൽ, ബ്രിക്ക്, കോൺക്രീററ് ഫിനിഷുകൾ എന്നിവയെല്ലാം ചേർന്ന മെറ്റീരിയൽ കൂട്ട് സ്വാഭാവികതയ്ക്കൊപ്പം കന്റംപ്രറി–റസ്റ്റിക്ക് സ്വഭാവവും പ്രകടിപ്പിക്കുന്നു. വീടിന്റെ സ്ട്രക്ചർ എന്ന പരിധിക്കപ്പുറം ലാൻഡ്സ്കേപ്പുമായും ചുറ്റുപാടുകളുമായും അതിശയകരമാം വിധം ലയിച്ചു ചേരുന്നുണ്ട് ഈ വസതി. അതിനാൽ തന്നെ ഈ വീട്ടിനകത്തു നിന്നുള്ള കാഴ്ചകൾ പരിമിതവുമല്ല. ■




PLAY IT *YOUR WAY.*

Simplicity speaks volumes with **#Less*is*More**

Sanitaryware . Faucets . Tiles
**cera-india.com**



# ഫ്ളോട്ട് – എൻ – ഫോൾഡ് ഹൗസ്

നിഴലിന്റെയും വെളിച്ചത്തിന്റെയും സാധ്യതകളെ
കലാപരമായി പ്രയോജനപ്പെടുത്തി ഒരുക്കിയ വീട്

ആർക്കിടെക്റ്റ്
ഫാസിൽ മൊയ്തുണ്ണി



ടെക്സ്റ്റ്:
**ടീം ഡിസൈനർ**

ഫോട്ടോഗ്രഫി
**ലിങ്ക് സ്റ്റുഡിയോ, റണ്ണിങ് സ്റ്റുഡിയോസ്**

അബിനവാസ്, അഫ്ഷിൻ ദമ്പതിക്ക് വേണ്ടി വസതിയും ബാഹ്യപ്രകൃതിയും തമ്മിലുള്ള അതിർവരമ്പുകളെ പ്രതീകാത്മകമായി അലിയിച്ച് കളഞ്ഞു കൊണ്ട് സമകാലിക ശൈലിയിൽ ഒരുക്കിയ വീടാണിത്. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളത്തുള്ള തെക്കോട്ട് ദർശനമായ 27.70 സെന്റ് പ്ലോട്ടിൽ 3661.23 സ്ക്വയർഫീറ്റിലാണ് അതീവ വിശാലവും അതിമനോഹരവുമായ ഈ നിർമ്മിതി സ്ഥിതി ചെയ്യുന്നത്. ആർക്കിടെക്റ്റ് ഫാസിൽ മൊയ്തുണ്ണി (ആർക്കിടെക്ചർ.സീഡ്, എടപ്പാൾ, മലപ്പുറം) ആണ്. വെയിലും മഴയും മാറിമാറി വരുന്ന കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങും വിധം നിഴലിന്റെയും വെളിച്ചത്തിന്റെയും സാധ്യതകളെ കലാപരമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇവിടം ഒരുക്കിയത്. വീട്ടുടമയുടെ സഹോദരന്മാരുടെ വീടുകളാണ് ഈ പ്ലോട്ടിന് ഇരുവശത്തും ഉള്ളത്. ഇതും പടിഞ്ഞാറുഭാഗത്ത് കൂടി കടന്നുപോകുന്ന പ്രധാന പാതയിലേക്കുള്ള അപ്പ്രോച്ച് റോഡിനു വേണ്ടി ധാരാളം സ്ഥലം ഒഴിച്ചിടേണ്ടിവന്നതും ഡിസൈൻ വേളയിൽ വെല്ലുവിളി ഉയർത്തിയിരുന്നു. ചുറ്റുമതിലും ഗേറ്റും ഒഴിവാക്കി വീട് പതിയെ തികച്ചും സ്വാഭാവികമായി അനാവൃതം ആകത്തക്ക വിധം മരച്ചുവട്ടിലൂടെ







പാത്‌വേ ഒരുക്കിയാണ് ഈ വെല്ലുവിളി മറികടന്നത്. കാണാമറയത്തുള്ള കാഴ്ച എന്തായിരിക്കും എന്ന കൗതുകം ഉണർത്താൻ കഴിഞ്ഞു എന്നതാണ് ഈ നിർമ്മിതിയുടെ വിജയം. നാല് വ്യത്യസ്ത സോണുകളായാണ് അകത്തള വിന്യാസം. പബ്ലിക്ക് സോണിലാണ് പൂമുഖം. ലിവിങ്, ഫോയർ, ഗസ്റ്റ് റൂം എന്നിവയാണ് സെമി പബ്ലിക് സോണിൽ ഉള്ളത്. ഡൈനിങ്, ലേഡീസ് സിറ്റിങ്, കുട്ടികളുടെ കളിസ്ഥലം എന്നിവ സെമി പ്രൈവറ്റ് സോണിലും കിടപ്പുമുറികളും അടുക്കളയും പ്രൈവറ്റ് സോണിലും ഉൾപ്പെടുന്നു. ആവശ്യമായ സ്വകാര്യത ഉറപ്പുവരുത്തി കൊണ്ടാണ് ഓരോ ഇടങ്ങളും ക്രമീകരിച്ചത്. കോമൺ ഗേറ്റ് കടന്ന് പ്ലോട്ടിലേക്ക് എത്തുമ്പോൾ ആദ്യം ദൃശ്യമാകുന്നത് കാർപോർച്ചാണ്. മറ്റിടങ്ങളിൽ

^^

**എക്സ്റ്റീരിയർ:**
തികഞ്ഞ സ്വാഭാവികതയോടെ ഒഴുകിപ്പരക്കുന്ന വീടാണിത്. ഇറ്റ ഗോൾഡ് സ്റ്റോൺ കൊണ്ടുള്ള ക്ലാഡിങ് ആണ് സമകാലിക ശൈലിയിലുള്ള എക്സ്റ്റീരിയറിലെ പ്രധാന ഡിസൈൻ എലമെന്റ്. പുൽത്തകിടിയും വൃക്ഷലതാദികളും കൊണ്ട് സമ്പന്നമായ ലാൻഡ്സ്കേപ്പ് ഗാർഡൻ ലൈറ്റുകൾ സ്ഥാപിച്ച് ആകർഷകമാക്കിയിട്ടുണ്ട്. ഗേറ്റിൽ നിന്ന് വീട്ടിലേക്ക് നയിക്കുന്ന നടപ്പാതയിൽ ഗ്രേ നിറത്തിലുള്ള താന്തൂർ സ്റ്റോൺ ആണ് വിരിച്ചത്. ഫ്ളോട്ടിങ് മാതൃകയിലൊരുക്കിയ കാർപോർച്ചിലും, ഇൻബിൽറ്റ് സീറ്റുള്ള പൂമുഖത്തിനും കാർപോർച്ചിനും ഇടയിലുള്ള ഭാഗത്തും ഹരിതബിംബങ്ങൾ സമൃദ്ധമായി ഉൾപ്പെടുത്തിയത് വ്യത്യസ്തതയാണ്.



**ഹരിത ബിംബങ്ങൾ സമൃദ്ധമായി ഉൾക്കൊള്ളിച്ച സ്കൈലിറ്റ് പോക്കറ്റ് സ്പേസുകളും വീടിന്റെ അകത്തും പുറത്തും ആവരണമായി മാറുന്ന ഇറ്റ ഗോൾഡ് സ്റ്റോൺ ക്ലാഡിങ്ങുമാണ് ഈ വസതിയെ അപൂർവ സുന്ദരമാക്കി തീർക്കുന്നത്**

**ഫോർമൽ ലിവിങ്:** >
വൈറ്റ്, യെല്ലോ, ഗ്രേ നിറങ്ങൾക്കൊപ്പം വുഡും ചേർത്തൊരുക്കിയ ഫോർമൽ ലിവിങ്. ജലാശയമുള്ള സ്കൈലിറ്റ് കോർട്ടിന്റെ സാമീപ്യം ഈ ഏരിയയെ കൂടുതൽ പ്രൗഢമനോഹരമാക്കുന്നു.





∧
**ഡൈനിങ്:**
ടിവി യൂണിറ്റും ഇൻബിൽറ്റ് സ്റ്റോറേജ് കം സിറ്റിങ് സ്പേസും ഉൾപ്പെടുത്തിയ ഡൈനിങ്. വുഡൻ ടേബിൾ, ലെതർ ഫിനിഷ് ചെയറുകൾ, ബെഞ്ച് എന്നിവയാണ് ഇവിടുത്തെ ഇരിപ്പിടങ്ങൾ. ഡൈനിങ്ങിനനുബന്ധമായുള്ള സ്കൈലിറ്റ് കോർട്ട്യാർഡിലാണ് ലേഡീസ് സിറ്റിങ് ക്രമീകരിച്ചത്.

**ഡബിൾ ഹൈറ്റ് സ്പേസുകളും സ്പ്ലിറ്റ് ലെവൽ ഏരിയകളും വിവിധ ഇടങ്ങൾക്കിടയിലെ ആശയ വിനിമയവും കാഴ്ചയും സുതാര്യമാക്കുന്നു**



നിന്ന് തെല്ലകന്ന് ഒഴുകി പരക്കുന്ന ഒരു പവലിയൻ പോലെ പൂമുഖം ഒരുക്കിയതും, കാർ പോർച്ചിൽ നാടൻ ചെടികൾ നട്ടുപിടിപ്പിച്ച് തെക്കുഭാഗത്തുനിന്നു വരുന്ന തീക്ഷ്ണമായ സൂര്യരശ്മികൾക്ക് തടയിട്ടതും ശ്രദ്ധേയമാണ്. സ്കൈലിറ്റ് കോർട്ടുകളാണ് പൂമുഖത്തിന പ്പുറമുള്ളത്. ഇവിടെ നിന്ന് ഡബിൾ ഹൈറ്റിൽ സ്കൈലിറ്റ് ആയി ഒരുക്കിയ ഫോയറിലേ ക്ക് പ്രവേശിക്കാം. ചൂട് വായുവിനെ പുറന്തള്ളുക എന്ന ഉദ്ദേശ്യത്തോടെയാണ് ഡബിൾ ഹൈറ്റ് ഫോയറും വീടിന്റെ എല്ലാ കോണുകളിലും നിന്ന് നോട്ടമെത്തത്തക്ക വിധത്തിൽ ഒരുക്കിയ  സ്കൈലിറ്റ് കോർട്ട്യാർഡും നേർരേഖയിൽ ക്രമീകരിച്ചത്. സൂര്യന്റെയും കാറ്റി ന്റെയും സഞ്ചാര പാത കൃത്യമായി വിശകലനം ചെയ്ത് ഒരുക്കിയ വീടിന്റെ വടക്ക് കിഴക്ക് ഭാഗത്ത് ഫോർമൽ ലിവിങ്ങിനോട് ചേർന്ന് ഒരു ജലാശയവും ഇടം നേടി. ഈ ജലാശയ ത്തിന്റെ സാന്നിധ്യം അകത്തളാന്തരീക്ഷം ഊഷ്മളമാക്കി തീർക്കുന്നുണ്ട്. പൂമുഖം, ലിവി ങ് സ്പേസുകൾ, ഇരുവശത്തും ഡബിൾ ഹൈറ്റ് സ്പേസുകൾ ഉൾച്ചേർത്ത ഡൈനിങ്,

**കിഡ്സ് പ്ലേ ഏരിയ:** > ഡൈനിങ്ങിൽ നിന്നാരംഭിക്കുന്ന ഗോവണിയുടെ ഫസ്റ്റ് ലാൻഡിങ്ങിൽ ഒരുക്കിയ കിഡ്സ് പ്ലേ ഏരിയ. എക്സ്പോസ്ഡ് കോൺക്രീറ്റ് ഫിനിഷുള്ള ഇൻബിൽറ്റ് ബെഞ്ചും ഇവിടെ ഇടം നേടി.







< **മാസ്റ്റർ ബെഡ്റൂം:** പ്രൈവറ്റ് കോർട്ട്യാർഡ് ഉൾപ്പെടുത്തി അതീവ വിശാലമായി ഒരുക്കിയ മാസ്റ്റർ ബെഡ്റൂം. സിമന്റ് ടെക്സ്ചർ നൽകി ഹെഡ് സൈഡ് വാൾ ഹൈലൈറ്റ് ചെയ്തതും സൈഡ് ഡേബിളിന്റെ തുടർച്ചയെ ന്നോണം സ്റ്റോറേജുള്ള ഇൻബിൽറ്റ് സീറ്റ് നൽകിയതും ശ്രദ്ധേയമാണ്.



< സ്റ്റഡി കം വർക്ക് സ്പേസും ഫുൾഹൈറ്റ് വാഡ്രോബും ഉൾപ്പെടുത്തിയ കിടപ്പുമുറി


കിച്ചൻ, മാസ്റ്റർ ബെഡ്റൂം, ഗസ്റ്റ് ബെഡ്റൂം എന്നിവയാണ് ഗ്രൗണ്ട് ഫ്ളോറിൽ ഉള്ളത്. ഭാഗികമായി മറച്ചതാണ് ഗോവണി. ഗോവണിയുടെ ഫസ്റ്റ് ലാൻഡിങ് ഏരിയയിൽ കിഡ്സ് പ്ലേ ഏരിയയും ഫസ്റ്റ് ഫ്ളോറിൽ ഫാമിലി ലിവിങ് ഏരിയയും സ്റ്റഡി സ്പേസും ബാൽക്കണിയോടുകൂടിയ രണ്ട് കിടപ്പുമുറികളും സ്ഥാനപ്പെടുത്തി. ലെതേർഡ് ഫ്ളെയിംഡ് ബ്ലാക്ക് ഗ്രനൈറ്റുകൾക്കൊപ്പം ബെയ്ജ് നിറത്തിലുള്ള ടൈലും നിലം ഒരുക്കാൻ ഉപയോഗിച്ചിട്ടുണ്ട്. വെള്ള നിറം പൂശിയ ചുവരുകൾക്കൊപ്പം തേക്കിൻ തടിയിൽ തീർത്ത വുഡൻ ഫ്രെയിമു




< **അപ്പർ ലിവിങ്:**
ലെതർ ഫിനിഷ് സോഫയും വുഡൻ സ്വിങ്ങും ഉൾപ്പെടുത്തിയ അപ്പർ ലിവിങ്. സ്റ്റഡി കം വർക്ക് സ്പേസ്, ബുക്ക്ഷെൽഫ് എന്നിവയും ഇവിടെ ക്രമീകരിച്ചിട്ടുണ്ട്.



| PROJECT DETAILS | |
|---|---|
| Architect / Interior Designer | Ar. Fazil moidunny<br>Architecture.Seed<br>2nd floor, Oliyil Tower,<br>Near Edappal Hospital,<br>Pattambi Road, Edappal P.O<br>Malappuram – 679576<br>Mobile- +91 9739762602 |
| Owner | Abinavas |
| Location | Punnayurkulam, Thrissur |
| Year of Completion | 2023 |
| Site Area | 27.70 cents |
| Built Area | 3661.23 Sq.Ft. |
| Structural Engineer/Civil Engineer | MIGCS , Bangalore,<br>+91 9342067134 |
| Project Contractor | Mohandas, +91 9446229511 |
| Interior Contractor | Sideeq, +91 7907237397 |
| Electrification / Plumbing | Manoj, +91 8086824873 |
| Airconditioning | Daikin, +91 9846060488 |
| Landscaping consultant | Green Planet, +91 9495516295 |
| Painting | Sameer, +91 9846716268 |
| Flooring | Salish, +91 9847864857 |
| Showrooms | Sanitary- Bath and Beyond |





അബിനവാസും കുടുംബവും



## GROUND FLOOR PLAN

01. CARPORCH
02. SITOUT
03. FOYER
04. LIVING ROOM
05. OUTDOOR SEATING
06. GUEST BEDROOM
07. TOILET
08. WATERBODY
09 LANDSCAPE
10 INDOOR COURT
11. DINING
12. LADIES SEATING
13. CHILDREN'S PLAY AREA
14. MASTER BEDROOM
15. DRESS AREA
16. WASH
17. POWDER ROOM
18. KITCHEN
19. WET KITCHEN
20. STORE

0m 1m 2m 5m



## FIRST FLOOR PLAN

07. TOILET
15. DRESS AREA
21. FAMILY LIVING
22. STUDY
23. BEDROOM
24. UTILITY TERRACE
25. DOUBLE HEIGHTS
26. BALCONY
27. SKYLIGHTS


0m 1m 2m 5m

കളും പാനലുകളും ചിലയിടങ്ങളിലെ ഗ്രേ നിറമാർന്ന ഭിത്തികളും ഇറ്റ ഗോൾഡ് സ്റ്റോൺ ക്ലാഡിങ്ങും കൂടി ആകുമ്പോൾ അകത്തളം കൂടുതൽ പ്രൗഢമനോഹരമായി. പടിഞ്ഞാറ് ഭാഗത്തുനിന്നുള്ള വെയിൽ അടിക്കാതിരിക്കാൻ കൂടിയാണ് മാസ്റ്റർ ബെഡ്റൂമിൽ കോർട്ട് യാർഡ് ഉൾപ്പെടുത്തിയതും ടോയ്‌ലറ്റുകളും സ്റ്റോറേജുകളും തെക്ക് ഭാഗത്ത് സ്ഥാനപ്പെടുത്തിയതും. ആകൃതി ആവശ്യത്തെ പിന്തുടരും എന്ന ആശയത്തിൽ ഊന്നി ഒരുക്കിയ ഈ വീട് പ്രകൃതിയെയും കാലാവസ്ഥയെയും ക്രിയാത്മകമായി സമന്വയിപ്പിക്കാനുള്ള ഒരു പരിശ്രമമാണ്. സുതാര്യതയുടെയും പാരസ്പര്യത്തിന്റെയും ആഘോഷം കൂടിയാണ് ഇവിടം. നെടുനീളത്തിൽ വ്യാപിച്ചു കിടക്കുന്നതും വിവിധ ഇടങ്ങളെ ആവരണം ചെയ്യുന്ന സ്ലാബുകളോട് കൂടിയതുമായ ഈ വീടിന് ഫ്‌ളോട്ട്-എൻ-ഫോൾഡ് ഹൗസ് എന്ന പേര് തികച്ചും അനുയോജ്യമാണ്. ■

**കിച്ചൻ:**
ക്വാർട്സ് ടോപ്പ് ടേബിളും വുഡ് ലാമിനേറ്റ് ഫിനിഷുകളിലുള്ള ക്യാബിനറ്റുകളും ഉൾപ്പെടുത്തി ബ്രേക്ക്ഫാസ്റ്റ് സൗകര്യത്തോടെ ഒരുക്കിയ 'U' ഷേപ്പ് കിച്ചൻ.
V







# ഹരിതാഭ നിറയുന്ന ട്രോപ്പിക്കൽ വീട്

പാരമ്പര്യത്തികവും ആധുനിക മികവും കൈകോർക്കുന്ന വീട്

ടെക്സ്റ്റ്: **ടീം ഡിസൈനർ**

ഫോട്ടോഗ്രഫി **ഷാഹുൽ ഷിബിലി, ടർട്ടിൽ ആർട്സ് ഫോട്ടോഗ്രഫി**

പച്ചപ്പിന്റെ നിറവിൽ ഒരുക്കിയ ട്രോപ്പിക്കൽ ഭവനം. പരമ്പരാഗത വാസ്തുഘടകങ്ങളുടെ സ്വാധീനം മുന്നിട്ടു നിൽക്കുമ്പോളും കാലാനുസൃതമായ ഡിസൈൻ മികവിനും തുല്യ പരിഗണന നൽകി. സ്ലോപ്പ് റൂഫിന്റെ അനിഷേധ്യ സാന്നിധ്യം തന്നെയാണ് ഈ വീടിന്റെ ആദ്യത്തെ കാഴ്ചയിൽ നിറയുന്നത്, ഒപ്പം സമ്പന്നമായ ഹരിതാഭയും. മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ മുഹമ്മദ് ജാസിറിനും കുടുംബത്തിനും വേണ്ടി പണിത വീട് ആർക്കിടെക്റ്റുകളായ മുഹമ്മദ് ഫാസിൽ, മുഹമ്മദ് ഫാരിസ് (കോഗ്നീഷ്യൻ സ്റ്റുഡിയോ, പെരിന്തൽമണ്ണ) എന്നിവർ ചേർന്നാണ് ഡിസൈൻ ചെയ്തത്. മഴയും വെയിലും മാറിമാറി ലഭിക്കുകയും വർഷം മുഴുവൻ ഉഷ്ണാന്തരീക്ഷം നിലനിൽക്കുകയും



**ആർക്കിടെക്റ്റ്**
**മുഹമ്മദ് ഫാസിൽ**



**ആർക്കിടെക്റ്റ്**
**മുഹമ്മദ് ഫാരിസ്**



**എക്സ്റ്റീരിയർ:**
മൾട്ടിപ്പിൾ സ്ലോപ്പ് റൂഫാണ് ഇവിടെ ശ്രദ്ധേയം. ഗ്രേപ്പ്റെഡ് നിറത്തിലുള്ള റൂഫ് ടൈൽ ക്ലീൻ ലുക്ക് പകരുന്നു. വൈറ്റ് നിറവും സിമന്റ് ടെക്സ്ചറും ഗ്രീനറിയും സമന്വയിക്കുമ്പോൾ നിലവാരമുള്ള എലഗൻസാണ് കാണാനാകുക.



^
**ലാൻഡ്സ്കേപ്:**
പേൾഗ്രാസ് കൊണ്ടൊരുക്കിയ പുൽത്തകിടിയും ഗ്രൂപ്പ്പ്ലാന്റിങ് ചെയ്തൊരുക്കിയ വ്യത്യസ്തമായ ചെടികളും ചേർന്ന് ഹരിതസമൃദ്ധമായാണ് ലാൻഡ്സ്കേപ്പൊരുക്കിയത്. പേവ്മെന്റൊരുക്കാൻ താന്തൂർസ്റ്റോൺ തെരഞ്ഞെടുത്തു.

**സിറ്റൗട്ട്:**
ഇൻബിൽറ്റ് ഇരിപ്പിടവും വുഡൻ ചെയറുകളുമാണ് സിറ്റൗട്ടിൽ ക്രമീകരിച്ചിട്ടുള്ളത്.
V







^
**ലിവിങ്:**
വൈറ്റ് നിറത്തിനൊപ്പം പ്രധാന കളർകോമ്പിനേഷനായി ഗ്രേയും വുഡൻ എലമെന്റുകളും നൽകി നിലവാര പൂർണതയോടെയാണ് ലിവിങ് ഏരിയ ഒരുക്കിയത്. കസ്റ്റമൈസ് ചെയ്ത സോഫയ്ക്ക് പുറമേ, വിൻഡോയോട് ചേർന്ന് അണ്ടർസ്റ്റോറേജ് സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഇൻബിൽറ്റ് ഇരിപ്പിടവും നൽകി.

## ഡൈനിങ് - ലിവിങ് ഏരിയകളിൽ നിന്ന് കാണാൻ കഴിയും വിധമുള്ള റൊട്ടേറ്റിങ് ടിവി യൂണിറ്റ് ഫങ്ഷണാലിറ്റിയുടെ നല്ലൊരു ഉദാഹരണമാണ്

ചെയ്യുന്ന പ്രദേശത്ത് മിതോഷ്ണം ഉറപ്പാക്കുന്നൊരു വീടു തന്നെ വേണമായിരുന്നു. വെയിലിന്റെയും കാറ്റിന്റെയുമെല്ലാം ലഭ്യതയ്ക്കനുസരിച്ച് സ്ഥാനപ്പെടുത്തിയ സ്പേസുകളും സ്ലോപ്പ് റൂഫും ചേർത്ത് ട്രോപ്പിക്കൽ സാഹചര്യങ്ങളോട് നീതിപുലർത്തിയാണ് ഈ വീടൊരുക്കിയിട്ടുള്ളത്. നീളമുള്ള പ്ലോട്ട് ആയിരുന്നതിനാൽ ഫ്രണ്ട്യാർഡ് ഏറെ വിശാലമാക്കാൻ കഴിഞ്ഞു. പ്രധാനഭാഗത്ത് നിന്ന് വേറിട്ട് നിൽക്കുന്ന കാർപോർച്ച് കിഴക്ക്ദിശയ്ക്ക് അഭിമുഖമായാണുള്ളത്. ഇതോട് ചേർന്ന് ലാൻഡ്സ്കേപ്പിലെ പച്ചപ്പി



ന്റെ സമൃദ്ധി നിറഞ്ഞുനിൽക്കുന്നു. ടൈൽ പതിച്ച സ്ലോപ്പ് റൂഫും വൈറ്റ് ടോണുകളും സിമന്റ് ടെക്സ്ചറിന്റെ സാന്നിധ്യവും ഇടകലരുന്ന മിനിമൽ കളർകൂട്ടാണ് എക്സ്റ്റീരിയറിന് അലസഗാംഭീര്യം പകരുന്നത്. കാർപോർച്ച്, സിറ്റൗട്ട്, ഫോർമൽ - ഫാമിലി ലിവിങ് ഏരിയകൾ, ഡൈനിങ്, കിച്ചൻ, വർക്കേരിയ, ബാത് അറ്റാച്ച്ഡായ നാലു കിടപ്പുമുറികൾ എന്നിവയാണ് ഇവിടുത്തെ സ്പേസുകൾ. പ്രൈവസിയ്ക്കും ഫങ്ഷണാലിറ്റിയ്ക്കും ഒരു പോലെ പ്രാധാന്യം നൽകി കൊണ്ടാണ് സ്പേസുകൾ ഡിസൈൻ ചെയ്തത്. കോമൺ സ്പേസുകളിലെ ഫോർമൽ സീറ്റിങ്ങിന് പുറമേ സാധ്യമായിടങ്ങളിലെല്ലാം ഇൻബിൽറ്റ്

∧
**ഡൈനിങ്:**
മാർബിൾടോപ്പ് ടേബിളും കുഷ്യൻടോപ്പ് കസേരകളും ഇവിടെ ക്രമീകരിച്ചു. ബെയ്ജ്- വുഡൻ നിറങ്ങളുടെ കോമ്പിനേഷനിലുള്ള വിട്രിഫൈഡ് ടൈലാണ് ഫ്ളോറിങ്ങിൽ വരുന്നത്.



< **ഗോവണി:**
വുഡൻടൈലും ലപ്പോത്രഗ്രനൈറ്റും ചേർത്തൊരുക്കിയ പടവുകൾക്കൊപ്പം, ജിഐയും വുഡൻ പൈപ്പിങ്ങുമാണ് ഗോവണിയുടെ ഹാൻഡ്റെയിലായി വരുന്നത്.

## അണ്ടർസ്റ്റോറേജ് സ്പേസും കുഷ്യൻ ടോപ്പിങ്ങുമുള്ള ഇൻബിൽറ്റ് സിറ്റിങ്ങാണ് ഗോവണി ഏരിയയെ ശ്രദ്ധേയമാക്കുന്നത്




^

**ഫാമിലി ലിവിങ്:**
ജിഐ ഫ്രെയ്മുകളും ഓടുകളും ചേർന്ന സീലിങ് ഏരിയ ട്രഡീഷണൽ ഡിസൈനിന് പ്രാധാന്യം നൽകി ഒരുക്കിയതാണ്. ഒട്ടോമാൻ പൂഫും ഗ്രേ നിറത്തിലുള്ള ലെതർ ലോഞ്ചർ സോഫയും ടീപോയുമെല്ലാം ഫർണിച്ചറായി ക്രമീകരിച്ചു.

## വൈറ്റ് നിറത്തിനു പുറമേ ഗ്രേ-വുഡൻ കളർകോമ്പിനേഷനുകളും സിമന്റ് ടെക്സ്ചറുകളുമാണ് ഡിസൈൻ തുടർച്ച ഉറപ്പാക്കുന്നത്








**GROUND FLOOR PLAN**

1 SITOUT
2 FORMAL LIVING
3 DINING
4 BEDROOMS
5 KITCHEN
6 WORKING KITCHEN



**FIRS FLOOR PLAN**

1 FAMILY LIVING
2 BEDROOMS
3 BALCONY

**ബെഡ്റൂം:** > വാൾ ടെക്സ്ചറും റോമൻബ്ലൈൻഡ്സും സീലിങ് വർക്കുമെല്ലാം വളരെ മിതത്വത്തോടെ ക്രമീകരിച്ചാണ് കിടപ്പുമുറി ഒരുക്കിയത്.





മുഹമ്മദ് ജാസിറും കുടുംബവും

| PROJECT DETAILS | |
|---|---|
| Architects | Ar.Mohammed Fazil<br>Ar. Muhammed Faris<br>Cognition Design Studio, Perinthalmanna |
| Owner | Muhammed Jasir And Nafeesa Parveen |
| Location | Valanchery, Malappuram District |
| Year of Completion | 2023 |
| Site Area | 21 Cents |
| Built Area | 2800 Sq. Ft. |





^
**കിച്ചൻ:**
ഗ്രേ - വൈറ്റ് കളർതീമിൽ ഡിസൈൻ ചെയ്ത കിച്ചനിൽ മറൈൻപ്ലൈക്കൊപ്പം ലാമിനേഷനാണ് ക്യാബിനറ്റുകളൊരുക്കാൻ ഉപയോഗിച്ചത്. കൗണ്ടർടോപ്പിൽ ക്വാർട്ട്സ് ഒട്ടിച്ചു.

സീറ്റിങ് ഏരിയകൾ നൽകിയതിനാൽ ഒരേസമയം കൂടുതൽ പേർക്ക് ഇരിക്കാനാകും. ലാൻഡ്സ്കേപ്പിലെ ഗ്രീനറിയുടെ കാഴ്ച പരമാവധി ലഭിക്കാൻ ഗ്ലാസ് ഏരിയകൾ നൽകി. സ്റ്റീൽ ഉപയോഗിച്ചാണ് ഡോറുകളുടെയും വിൻഡോകളുടെയുമെല്ലാം ഫ്രെയിം ചെയ്തത്. എന്നാൽ വിൻഡോകളുടെ ഷട്ടറുകളൊരുക്കാൻ തേക്കുതടി ഉപയോഗിച്ചു. വെനീറും ബ്ലോക്ക്ബോർഡും ചേർത്താണ് ഡോർഷട്ടറുകൾ പണിതത്. ഫോർമൽ ലിവിങ്-ഡൈനിങ് ഏരിയകൾ പാർട്ടീഷനുകളില്ലാതെ വിശാലമായാണ് ഒരുക്കി. ഡൈനിങ് – ലിവിങ് ഏരിയകളിൽ നിന്ന് കാണാൻ കഴിയും വിധമുള്ള റൊട്ടേറ്റിങ് ടിവി യൂണിറ്റ് ഫങ്ഷണാലിറ്റിയുടെ നല്ലൊരു ഉദാഹരണമാണ്. ഡൈനിങ് ഏരിയയുടെ പടിഞ്ഞാറുഭാഗത്താണ് ഗോവണി സ്ഥാനപ്പെടുത്തിയത്. ഗോവണിയുടെ താഴെഭാഗം ബെഞ്ച്സീറ്റു പോലെ ചെയ്തത് ഇരിപ്പിട സൗകര്യങ്ങൾ കൂട്ടാൻ ഇടയാക്കി. രണ്ടു ബെഡ്റൂമുകളും ഫാമിലി ലിവിങ് ഏരിയയും ബാൽക്കണിയും ഫസ്റ്റ് ഫ്ളോറിലാണ് ഒരുക്കിയത്. സ്പേസുകളുടെ വിശാലതയ്ക്കൊപ്പം മിതത്വവും ലൈറ്റ് കളർടോണുകളും വുഡൻ ഷെയ്ഡുകളും എല്ലാം ചേർന്നാണ് ഇന്റീരിയറിന്റെ സ്വഭാവം നിർണയിക്കുന്നത്. പാരമ്പര്യവാസ്തു ഘടകങ്ങളും ആധുനിക സൗന്ദര്യഗുണങ്ങളും ഇവിടെ ഒരു പോലെ ചേർത്തുവെച്ചിരിക്കുന്നു. ■

# ദി ഹാർപ്പ്

## ആധുനിക സൗകര്യങ്ങൾ ഉൾച്ചേർന്നതും വ്യയക്ഷമവുമായ വീട്

ടെക്സ്റ്റ്: **ടീം ഡിസൈനർ**
ഫോട്ടോഗ്രഫി: **ട്രൂഫോർ7ടി**

തൃശ്ശൂർ ജില്ലയിലെ വരാക്കര എന്ന ഉൾനാടൻ ഗ്രാമത്തിലാണ് വിൻസനും കുടുംബത്തിനും വേണ്ടി ഒരുക്കിയ ഈ ഇരുനില വീട് ഇരിക്കുന്നത്. ഫ്രീലാൻസ് ആർക്കിടെക്റ്റായ മീര മനോജാണ് ദി ഹാർപ് എന്ന് പേരിട്ട വീടിന്റെ പ്ലാനും സ്ട്രക്ചറും തയ്യാറാക്കിയത്. അകത്തളാലങ്കാരം നിർവഹിച്ചതാകട്ടെ ആർക്കിടെക്റ്റുകളായ അഞ്ജു കെ.എസ്, നിതിൻ തോമസ് അലക്സ്, (ട്രോപ്പിക്കൽ ആക്സിയം, തൃശ്ശൂർ) എന്നിവരും. അകത്തും പുറത്തും വെണ്മയ്ക്ക് പ്രാമുഖ്യം നൽകി ഒരുക്കിയ ഒരു സമകാലികശൈലി ഭവനമാണിത്. ഗ്രേ നിറം പൂശിയ ഷോ വാളിലുള്ള ചതുരാകൃതിയിലുള്ള തുറസ്സുകളാണ് ആദ്യ കാഴ്ചയിൽ കണ്ണിലുടക്കുന്നത്. അൾജീരിയൻ അലൂമിനിയം വിൻഡോകളും ഡിസൈൻ എലമെന്റുകളായി മാറുന്നുണ്ട്. വെണ്മയ്ക്കൊപ്പം വിവിധ ന്യൂട്രൽ നിറങ്ങളും പൂശിയാണ് തുറസ്സായനയം പിന്തുടരുന്ന പൊതു ഇടങ്ങളുടെ ചുമരുകൾ അലങ്കരിച്ചത്. ഇതിനൊപ്പം കോൺട്രാസ്റ്റ് നിറങ്ങളിലുള്ള ഫർണിച്ചർ കൂടിയായപ്പോൾ അകത്തളം കൂടുതൽ ചാരുതയാർന്നതായി. ഡൈനിങ്ങിന്റെ ചുമരിൽ





**ആർക്കിടെക്റ്റുകളായ അഞ്ജു കെ.എസും നിതിൻ തോമസ് അലക്സും**









^
**ഫോർമൽ ലിവിങ്:**
കസ്റ്റംമെയ്ഡ് കൗച്ചും വുഡ് മെറ്റൽ കോമ്പിനേഷനിലുള്ള സ്ലീക്ക് കോഫി ടേബിളും വിന്യസിച്ച ഫോർമൽ ലിവിങ്. സിമന്റ് ബേസ്ഡ് ടെക്സ്ചർ പെയിന്റ് ഫിനിഷ് നൽകിയും ഹാൻഡ് മെയ്ഡ് വാൾപാറ്റേൺ ഉൾപ്പെടുത്തിയുമാണ് ടിവി യൂണിറ്റിന് പിന്നിലുള്ള ഭിത്തി ഹൈലൈറ്റ് ചെയ്തത്. ഹാർപ്പ് എന്ന വാദ്യോപകരണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടൊരുക്കിയ വുഡ് മെറ്റൽ കോമ്പിനേഷനിലുള്ള ഇൻബിൽറ്റ് പാർട്ടീഷൻ ആണ് ഫോർമൽ ലിവിങ്ങിനും ഡൈനിങ്ങിനും ഇടയിൽ അതിർവരമ്പിടുന്നത്. ലിവിങ്ങിലെ ഇൻബിൽറ്റ് സീറ്റിങ്ങും അതിനുചുറ്റുമുള്ള ലാമിനേറ്റഡ് വുഡൻ പാനലിങ്ങും ഈ വാദ്യോപകരണത്തിന്റെ സൗണ്ട് ബോക്സ്, നെക്ക് എന്നിവയെയും പ്രതിനിധീകരിക്കുന്നു.

## ഹാർപ്പ് എന്ന വാദ്യോപകരണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ലിവിങ്, ഡൈനിങ് ഏരിയകളെ പ്രതീകാത്മകമായി വേർതിരിക്കുന്ന കസ്റ്റംമെയ്ഡ് പാർട്ടീഷൻ തയ്യാറാക്കിയത്



∧
**ഡൈനിങ്:**
വുഡൻ ടേബിളും ഫാബ്രിക്ക് ഫിനിഷ് ചെയറുകളും ബെഞ്ചും ആണ് ഡൈനിങ്ങിലെ ഫർണിച്ചർ. ഇവിടുത്തെ ഭിത്തിയിൽ ടെക്സ്ചർ ഫിനിഷ് നൽകി സജ്ജീകരിച്ച പ്രെയർ ഏരിയ പൂമുഖ വാതിൽ തുറക്കുമ്പോഴേ ദൃശ്യമാകും. വുഡൻ പാനലിങ് ചെയ്ത പടവുകളും വുഡ് ഗ്ലാസ് കോമ്പിനേഷൻ കൈവരിയുമുള്ള ഗോവണി ഡൈനിങ്ങിന്റെ ഭാഗമാണ്. പെബിൾ കോർട്ടാണ് ഗോവണിച്ചുവട്ടിലുള്ളത്.

സജ്ജീകരിച്ച പ്രെയർ ഏരിയയാണ് പൂമുഖവാതിൽ തുറക്കുമ്പോഴേ ദൃശ്യമാകുന്നത്. പൂമുഖവാതിൽ കടന്ന് ഡബിൾ ഹൈറ്റിൽ ഒരുക്കിയ ഫോർമൽ ലിവിങ്ങിലേക്ക് എത്താം. സിമന്റ് ടെക്സ്ചർ പെയിന്റ് ഫിനിഷ് നൽകിയും ജോമട്രിക് പാറ്റേണുകൾ ഉൾപ്പെടുത്തിയും ആണ് ഡബിൾ ഹൈറ്റ് ലിവിങ്ങിലെ ടിവി യൂണിറ്റിന് പിന്നിലുള്ള ആക്സന്റ് വാളുകൾ ആകർഷകമാക്കിയത്. ഇത് ലിവിങ് കൂടുതൽ വിശാലമാണെന്ന പ്രതീതിയും ഉളവാക്കുന്നു. ഇവിടെ ഉൾപ്പെടെ അകത്തളത്തിൽ ഉടനീളം ബെയ്ജ് നിറത്തിലുള്ള മാറ്റ് ഫിനിഷ് ടൈലാണ് നിലമൊരുക്കാൻ ഉപയോഗിച്ചത്. ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതും









**അപ്പർ ലിവിങ്:**
വാൾ പേപ്പർ ഒട്ടിച്ച് ടിവി യൂണിറ്റിന്റെയും ടെക്സ്ചർ
പെയിന്റ് ചെയ്ത് വർക്ക്സ്പേസിന്റെയും
ചുമരുകൾ ഹൈലൈറ്റ് ചെയ്തിട്ടുണ്ട്.
V




പ്രാർത്ഥനാ വേളകളിൽ ഉപയോഗിക്കുന്നതുമായ ഹാർപ്പ് എന്ന വാദ്യോപകരണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ലിവിങ് ഡൈനിങ് ഏരിയകളെ പ്രതീകാത്മകമായി വേർതിരിക്കുന്ന കസ്റ്റംമെയ്ഡ് പാർട്ടീഷൻ തയ്യാറാക്കിയത്. ഈ പാർട്ടീഷന്റെ സാന്നിധ്യമാണ് വീടിന്റെ ഹാർപ്പ് എന്ന പേരിന് നിദാനമായത്. പോളിഷ് ചെയ്തെടുത്ത അയേൺ റോഡുകൾ ഹാർപ്പിന്റെ തന്ത്രികളെയും ഫോർമൽ ലിവിങ്ങിലെ ഇൻബിൽറ്റ് സീറ്റിങ്ങും അതിനുചുറ്റുമുള്ള ലാമിനേറ്റഡ് വുഡൻ പാനലിങ്ങും ഈ വാദ്യോപകരണത്തിന്റെ സൗണ്ട് ബോക്സ്, നെക്ക് എന്നിവയെയും പ്രതിനിധീകരിക്കുന്നു. വ്യയക്ഷമമായ ഒരു വീട് എന്ന സ്വപ്നമാണ് ഗൃഹനാഥന്റെ മനസ്സിൽ ഉണ്ടായിരുന്നത്. അമിതാഡംബരങ്ങൾ ഒഴിവാക്കണം എന്ന അദ്ദേഹത്തിന്റെ ആഗ്രഹം മുൻനിർത്തി മിതമായ അലങ്കാരവേലകളെ ഇവിടെ ചെയ്തിട്ടുള്ളൂ. ഫാൾസ് സീലിങ് പാടെ ഒഴിവാക്കി സീലിങ്ങിൽ തന്നെ ഇലക്ട്രിക്കൽ പോയിന്റുകൾ നൽകിയതിനാൽ നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കാനായി. ആകൃതി ആവശ്യത്തെ പിന്തുടരുന്നു എന്ന തത്വത്തിൽ ഊന്നിയാണ് ഇവിടുത്തെ അകത്തളാലങ്കാരം നിർവഹിച്ചിരിക്കുന്നത്. ലിവിങ്ങിലെ ഇൻബിൽറ്റ് സീറ്റിന്റെ മറുവശം ഡൈനിങ്ങിലെ സ്റ്റോറേജ് യൂണിറ്റ് ആയാണ് പ്രയോജനപ്പെടുത്തുന്നത്. മെറ്റൽ ഫാബ്രിക്കേറ്റ് ചെയ്ത ഇൻഡസ്ട്രിയൽ ഗോവണിയാണ് ഇവിടുത്തെത്. കോൺക്രീറ്റിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് വേണ്ടിയാണ് ഇൻഡസ്ട്രിയൽ ഗോവണി ഉൾപ്പെടുത്തിയത്. അതത് ഇടത്തിന്റെയോ വസ്തുവിന്റെയോ പ്രവർത്തനമോ ഉദ്ദേശ്യമോ ആയി പ്രാഥമിക ബന്ധം പുലർത്തത്തക്ക വിധ



വുഡൻ പാനലിങ് ചെയ്ത് മുകൾ നിലയിൽ ഒരുക്കിയ കിടപ്പുമുറി. വൈറ്റ്, ബ്ലൂ, ഗ്രേ എന്നീ വർണ്ണങ്ങൾ ഉപയോഗിച്ച് കൈകൊണ്ട് വരച്ചെടുത്ത പാറ്റേൺ ആണ് ഹെഡ്സൈഡ് വാളിന് അലങ്കാരമാകുന്നത്. >




ജനാലകൾ ഉൾപ്പെടുത്തിയ ഹെഡ്സൈഡ് വാളിൽ വാൾ പേപ്പറൊട്ടിച്ചും ഹെഡ് ബോർഡിൽ ഫാബ്രിക്ക് പാനലിങ് ചെയ്തും ഹൈലൈറ്റ് ചെയ്ത കിടപ്പുമുറി. >




First Floor Plan




വിൻസനും കുടുംബവും




Ground Floor Plan

| PROJECT DETAILS | |
|---|---|
| Architect | Ar. Meera Manoj<br>Thrissur |
| Interior Designers | Ar. Nithin Thomas Alex &<br>Ar. Anju K S<br>Tropical Axiom<br>Wadakkanchery, Thrissur |
| Owner | Vinson C P |
| Location | Varakkara, Thrissur |
| Year of Completion | 2022 |
| Site Area | 6.62 Cents |
| Built Area | 2245 Sq.Ft. |





^
**കിച്ചൻ:**
വൈറ്റ് ടൈൽ ടോപ്പും ലാമിനേറ്റ് ഫിനിഷ് ക്യാബിനറ്റുകളും ഉള്ള 'U' ഷേപ്പ് കിച്ചൻ. വാൾ പേപ്പർ ഒട്ടിച്ച് ഹൈലൈറ്റ് ചെയ്ത ബ്രേക്ക്ഫാസ്റ്റ് കൗണ്ടറും കവാടത്തിലുണ്ട്.

ത്തിൽ ആയിരിക്കണം ഏതൊരു വസ്തുവും ഇടവും രൂപകൽപ്പന ചെയ്യേണ്ടത് എന്ന ആശയത്തിൽ അധിഷ്ഠിതമായാണ് ഇവിടം ഒരുക്കിയിരിക്കുന്നത്. ആസൂത്രണത്തിന്റെയും നിർമ്മാണത്തിന്റെ യും പ്രാരംഭ ഘട്ടം മുതൽ തന്നെ അകത്തളത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകിയിരുന്നു. അകത്തളത്തിന്റെ തീമുമായി ചേർന്നു പോകത്തക്ക വിധത്തിലാണ് ഓരോ ഡിസൈൻ എലമെന്റുകളും ഒരുക്കിയത്. തികച്ചും വ്യയക്ഷമമായ ഈ രൂപകല്പനയിലൂടെ എല്ലാ  ഇടങ്ങൾക്കും തനത് വ്യക്തിത്വവും ഉരുത്തിരിഞ്ഞു വന്നു. അകത്തളത്തിൽ ഉടനീളം ഉപയോഗിച്ചിരിക്കുന്ന ഇളം നിറങ്ങൾ അതിഥികൾക്ക് ഊഷ്മളമായ സ്വാഗതം ഓതുന്നതിനൊപ്പം വീട്ടു കാരുടെ വ്യക്തിത്വത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്. ഫോർമൽ ലിവിങ്, ഡൈനിങ്, കിച്ചൻ, അപ്പർ ലിവിങ്, മൂന്ന് ബാത് അറ്റാച്ച്ഡ് ബെഡ്റൂമുകൾ എന്നിവയാണ് 2245 സ്ക്വയർ ഫീറ്റിൽ സജ്ജീക രിച്ചത്.കുറഞ്ഞ ചെലവിൽ മിതത്വം തുളുമ്പുന്നതും ആധുനിക സൗകര്യങ്ങൾ ഉൾച്ചേർന്നതുമായ വീട് എന്ന വീട്ടുകാരുടെ മോഹം സഫലമാക്കാൻ ആർക്കിടെക്റ്റുകൾക്ക് സാധിച്ചു എന്നതാണ് ഈ പ്രോജക്റ്റിന്റെ മേന്മ. ■



# ക്യൂട്ട് & കോംപാക്റ്റ് ഹോം

നാഗരിക ജീവിതസൗകര്യങ്ങളേയും പ്രകൃതിയുടെ വിശുദ്ധിയേയും സമന്വയിപ്പിക്കുന്ന വസതി





ആർക്കിടെക്റ്റ് ബ്രിജേഷ് പി യു & ആർക്കിടെക്റ്റ് പൂജ ബ്രിജേഷ്



ടെക്സ്റ്റ്:
**ടീം ഡിസൈനർ**

ഫോട്ടോഗ്രഫി
**ആർക്കിടെക്റ്റ് കെ.മിഥുൻ**

ക്രിയാത്മകതയും ആഡംബരത്തികവും സമന്വയിക്കുന്ന ഈ സമകാലികസൗധം തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ആർക്കിടെക്റ്റുകൾ ആയ ബ്രിജേഷ് പി.യു.വും പൂജ ബ്രിജേഷും (ജെയ്ഡ് അർക്കിടെക്റ്റ്സ്, തൃശ്ശൂർ) ആണ് 5 സെന്റ് പ്ലോട്ടിലുള്ള ഈ വീടിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ചുക്കാൻ പിടിച്ചത്. ഹരിതബിംബങ്ങൾക്കും സ്വകാര്യതയ്ക്കും സജീവ പരിഗണന നൽകി 2600 സ്ക്വയർഫീറ്റിൽ ഒരുക്കിയ ഈ വീട് തികച്ചും ട്രെൻഡിയും സ്റ്റൈലിഷും ആണ്. പരമാവധി പാർക്കിങ് സൗകര്യവും മികച്ച വായുസഞ്ചാരവുമുള്ളതും മൂന്ന് കിടപ്പുമുറികളോട് കൂടിയതുമായ ഒരു വീട് എന്ന ആവശ്യവുമായാണ് മിഥുനും കുടുംബവും ആർക്കിടെക്റ്റുകളെ സമീപിച്ചത്. ഇരുവശത്തും റോഡുകൾ ഉള്ള കോർണർ പ്ലോട്ട് ആയിരുന്നതിനാൽ രണ്ടിടത്തും മൂന്നു മീറ്റർ വീതം സെറ്റ്ബാക്ക് ഏരിയയായി നീക്കി





വെയ്ക്കേണ്ടി വന്നതാണ് ഡിസൈൻ വേളയിൽ നേരിട്ട പ്രധാന വെല്ലുവിളി. ഈ വെല്ലുവിളി ഒരു അവസരമാക്കി മാറ്റിയതിനാൽ ഇവിടെ ഒരേ സമയം മൂന്ന് കാറുകൾ പാർക്ക് ചെയ്യാനാകും. ഷെറാബോർഡ് കൊണ്ട് നിർമ്മിച്ച രണ്ട് വെഹിക്കുലാർ ഗേറ്റുകളും ഒരു പെഡസ്ട്രിയൽ ഗേറ്റുമാണ് ഇവിടെയുള്ളത്. സ്ഥിരമായി ഉപയോഗിക്കുന്ന സ്ലൈഡിങ് ഫോൾഡിങ് ഗേറ്റ് വുഡൻ ഫിനിഷിലാണ്. വൈറ്റ്, ഗ്രേ നിറക്കൂട്ടിലുള്ള ചുറ്റുമതിലിന്റെ തുടർച്ചയെന്നോണം വെള്ള നിറം പൂശി രണ്ടാമത്തെ വെഹിക്കുലാർ

^


**എക്സ്റ്റീരിയർ:**
താമസക്കാരുടെ സ്വകാര്യത മുൻനിർത്തി സ്ഥാപിച്ച വെള്ള നിറത്തിലുള്ള പെർഫോറേറ്റഡ് ജാളികളാണ് എലിവേഷനിലെ പ്രധാന ഡിസൈൻ എലമെന്റ്. സിങ്കിൾ വിൻഡോ നൽകിയും ഗ്രേ നിറം പൂശിയും ആകർഷകമാക്കിയ ഷോവാളും എലിവേഷന്റെ ഭാഗമാണ്. ഷെറാബോർഡ് കൊണ്ട് നിർമ്മിച്ച രണ്ട് വെഹിക്കുലാർ ഗേറ്റുകളും ഒരു പെഡസ്ട്രിയൽ ഗേറ്റുമാണ് ഇവിടെയുള്ളത്. പേവിങ് ടൈൽ പാകിയാണ് മുൻമുറ്റം ഭംഗിയാക്കിയത്.







ഗേറ്റ് ഭാഗികമായി മറച്ചിട്ടുമുണ്ട്. താമസക്കാരുടെ സ്വകാര്യത മുൻനിർത്തി സ്ഥാപിച്ച വെള്ള നിറത്തിലുള്ള പെർഫോറേറ്റഡ് ജാളികളാണ് എലിവേഷനിലെ പ്രധാന ഡിസൈൻ എലമെന്റ്. സിങ്കിൾ വിൻഡോ നൽകിയും ഗ്രേ നിറം പൂശിയും ആകർഷകമാക്കിയ ഷോവാളും എലിവേഷന്റെ ഭാഗമാണ്. പേവിങ് ടൈൽ പാകി ഭംഗിയാക്കിയ മുൻമുറ്റത്ത് പ്ലാന്റർ പോട്ടുകൾക്കും സ്ഥാനമുണ്ട്. റോഡിന്റെ ഉയരം കൂടുന്നതിനനുസരിച്ച് മഴക്കാലത്തും മറ്റും വീട്ടിൽ വെള്ളം കയറാനുള്ള സാധ്യത ഒഴിവാക്കാനായി പതിവിലും ഉയരം കൂട്ടിയാണ് വീട് പണിതത്. സ്റ്റെയിൻലെസ് സ്റ്റീൽ കൈവരി നൽകിയും



## കലാപരമായി സന്നിവേശിപ്പിച്ച വെള്ള നിറത്തിലുള്ള ജാളികളാണ് വീടിനെയും ബാഹ്യപ്രകൃതിയെയും പ്രതീകാത്മകമായി കൂട്ടിയിണക്കുന്നത്

**ഫോർമൽ ലിവിങ്:**
വൈറ്റ് - ബ്ലൂ കളർ തീമിൽ ഉള്ള ലെതർ ഫിനിഷ് ഇരിപ്പിടങ്ങൾ ആണ് വുഡൻ ഫ്ളോറിങ് ഉള്ള ഫോർമൽ ലിവിങ്ങിലെ പ്രധാന ആകർഷണം. മാർബിൾ മെറ്റൽ കോമ്പിനേഷനിലാണ് കോഫി ടേബിൾ. ഹരിത ബിംബങ്ങളുടെ സാന്നിധ്യവും ശ്രദ്ധേയം തന്നെ. ഇരിപ്പിടത്തിന് എതിർവശത്തെ ഭിത്തി ഫ്ളൂട്ടഡ് വുഡൻ പാനലിങ് ചെയ്താണ് ഹൈലൈറ്റ് ചെയ്തത്.
V

**ഫോയർ:** >
ഇൻബിൽറ്റ് സീറ്റ് ഉൾപ്പെടുത്തിയ ഫോയറിൽ വുഡൻ പാനലിങ് ആണ് ചെയ്തത്. മിറർ ആർട്ടാണ് ഭിത്തിയിലെ ഹൈലൈറ്റ്. ജാളി വർക്കും ലൂവറുകളും ഉൾപ്പെടുത്തിയ പ്രെയർ ഏരിയയുടെ കസ്റ്റംമെയ്ഡ് പാർട്ടീഷനാണ് ഈ ഏരിയയെ മറ്റിടങ്ങളിൽ നിന്ന് വേർതിരിക്കുന്നത്.



വശങ്ങളിൽ വുഡൻ ടൈലും ഉപരിതലത്തിൽ ലപ്പോത്ര ഗ്രനൈറ്റും പതിച്ചും ആകർഷകമാക്കിയ അഞ്ച് പടവുകൾ കടന്നാണ് പൂമുഖത്തേക്കെത്തുന്നത്. പൂമുഖവാതിലിൽ സ്റ്റീൽ റാഫ്റ്ററുകൾ ഉൾപ്പെടുത്തിയത് വ്യത്യസ്തതയാണ്. പൂമുഖവാതിൽ കടന്ന് ഇൻബിൽറ്റ് സീറ്റ് ഉൾപ്പെടുത്തിയ ഫോയറിലൂടെ ഫോർമൽ ലിവിങ്ങിലേക്കെത്താം. സ്ലൈഡിങ് ഫോൾഡിങ് ഡോർ നൽകിയാണ് ഫോർമൽ ലിവിങ്ങിനെ മറ്റിടങ്ങളിൽ നിന്ന് വേർതിരിച്ചത്. പ്രെയർ ഏരിയ, ഗോവണിച്ചുവട്ടിൽ ഒരുക്കിയ ഫാമിലി ലിവിങ്, ഡൈനിങ്, കിച്ചൻ എന്നിവ തുറസ്സായ നയത്തിലാണ്. രണ്ട് കിടപ്പുമുറികളും സോഫാ കം ബെഡും സ്റ്റഡി ഏരിയയും ഉൾപ്പെടുത്തിയ അപ്പർ ലിവിങ്ങുമാണ് ഫസ്റ്റ് ഫ്ളോറിൽ ഉള്ളത്. സെക്കൻഡ് ഫ്ളോർ ഭാവിയിൽ ഹോം തീയേറ്ററും യൂട്ടിലിറ്റി കം റിഫ്രഷിങ് ഏരിയയും ക്രമീകരിക്കുക എന്ന





**< പ്രെയർ ഏരിയ:** ജാലി വർക്കും വുഡൻ ലൂവറുകളും ഉൾപ്പെടുത്തി ആകർഷകമാക്കിയ പ്രെയർ ഏരിയ






**ഡൈനിങ്: >**
സീലിങ്ങിൽ നിന്ന് ഭിത്തിയിലേക്ക് എത്തിനിൽക്കും വിധമുള്ള വെനീർ പാനലിങ്, വുഡൻ ഫ്ളോറിങ് എന്നിവ ചെയ്തും വുഡൻ ഫർണിച്ചർ ഉൾപ്പെടുത്തിയും ആണ് ഡൈനിങ് ഏരിയ ഹൈലൈറ്റ് ചെയ്തത്. കസ്റ്റംമെയ്ഡ് ഷാന്റിലിയറിന്റെ സാന്നിധ്യവും ശ്രദ്ധേയമാണ്.

ഉദ്ദേശ്യത്തോടെ ഒഴിച്ചിട്ടിരിക്കുകയാണ്. താഴെ ഒന്നും മുകളിൽ രണ്ടും എന്നിങ്ങനെ മൂന്ന് ബാത് അറ്റാച്ച്ഡ് ബെഡ്റൂമുകളാണ് ഇവിടെയുള്ളത്. ഹരിത ബിംബങ്ങൾ ഉൾപ്പെടുത്തിയ ബാൽക്കണികളും കിടപ്പുമുറികൾക്ക് അനുബന്ധമായി ഉണ്ട്. പെർഫോറേറ്റഡ് ജാളികളാണ് കിടപ്പുമുറികളുടെ സ്വകാര്യത ഉറപ്പാക്കുന്നത്. അകത്തളത്തിൽ ഹരിതബിംബങ്ങൾ സമൃദ്ധമായി ഉൾപ്പെടുത്തിയത് ശ്രദ്ധേയമാണ്. നാഗരിക ജീവിതസൗകര്യങ്ങളെയും പ്രകൃതിയുടെ വിശുദ്ധിയേയും സമന്വയിപ്പിക്കുന്ന ഒരു വസതിയാണിതെന്ന് നിസ്സംശയം പറയാം. ■



∧
**ഗോവണി:**
മഹാഗണിത്തടി കൊണ്ടുള്ള പാനലിങ്ങാണ് ഇൻഡസ്ട്രിയൽ ഗോവണിയുടെ പടവുകളിലും ജിഐയിൽ തീർത്ത കൈവരിയിലുമുള്ളത്.

ഫോർമൽ ലിവിങ്ങിന്റെ തുടർച്ചയെന്നോണം ബ്ലൂ കളർ സോഫാ കം ബെഡും സ്റ്റഡി ഏരിയയും ഉൾപ്പെടുത്തിയ അപ്പർ ലിവിങ്. ഭിത്തിയിൽ വെനീർ പാനലിങ് ചെയ്ത് ടിവി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമുള്ള പക്ഷം ഗസ്റ്റ്റൂമായി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഫുൾ ഹൈറ്റ് വാഡ്രോബും ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്.
∨



താഴെ ഒന്നും മുകളിൽ രണ്ടും എന്നിങ്ങനെ മൂന്ന് ബാത് അറ്റാച്ച്ഡ് ബെഡ്റൂമുകളാണ് ഇവിടെയുള്ളത്






**മാസ്റ്റർ ബെഡ്റൂം:**
ഡ്രസിങ് യൂണിറ്റും വർക്ക് സ്പേസും ഉൾപ്പെടുത്തി ക്രിയാത്മകമായി താഴത്തെ നിലയിൽ ഒരുക്കിയ മാസ്റ്റർ ബെഡ്റൂമിലെ ഭിത്തിയിൽ വെനീർ പാനലിങ് ചെയ്ത് ടിവി യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. റോമൻ ബ്ലൈൻഡുകൾ ഇട്ടാണ് ജനാലകൾ ആകർഷകമാക്കിയത്. വെനീർ ലാമിനേറ്റ് കോമ്പിനേഷനിലുള്ള ഫുൾ ഹൈറ്റ് വാർഡ്രോബിന്റെ തുടർച്ചയെന്നോണമാണ് വാക്ക് ഇൻ ക്ലോസറ്റിന്റേ ഡോർ സ്ഥാപിച്ചത്.





ബാൽക്കണി ഉൾപ്പെടുത്തി ഫസ്റ്റ് ഫ്ളോറിൽ ഒരുക്കിയ കിടപ്പുമുറി. എലിവേഷന്റെ ഭാഗമായ വൈറ്റ് ജാളിയാണ് ഈ കിടപ്പുമുറിയുടെ സ്വകാര്യത ഉറപ്പാക്കുന്നത്. വെനീർ ലാമിനേറ്റ് കോമ്പിനേഷനിലുള്ള ഫുൾഹൈറ്റ് വാഡ്രോബും ഇവിടെയുണ്ട്.
V








| PROJECT DETAILS | |
|---|---|
| Architects / Interior Designers | Ar. Brijesh Unni & Ar. Pooja Brijesh Jaid Architects, Thrissur |
| Owner | Midhun N V |
| Location | Westfort, Thrissur |
| Year of Completion | 2023 |
| Site Area | 5 Cents |
| Built Area | 2600 Sq.Ft. |



മിഥുനും കുടുംബവും

ഫോർമൽ ലിവിങ് ഒഴികെയുള്ള പൊതു ഇടങ്ങൾ തുറസ്സായ നയം പിന്തുടരുന്നവയാണ്



**കിച്ചൻ:**
വിട്രിഫൈഡ് ടൈൽ ടോപ്പുള്ള 'U' ഷേപ്പ് കിച്ചന്റെ കവാടത്തിൽ ബ്രേക്ക്ഫാസ്റ്റ് കൗണ്ടറും ക്രമീകരിച്ചു. ക്യാബിനറ്റുകൾ ലാമിനേറ്റ് ഫിനിഷിലാണ്. ബാക്ക് സ്പ്ലാഷിൽ ഗ്ലോസി ഫിനിഷ് വൈറ്റ് വാൾടൈലും ഒട്ടിച്ചു
V



# തലയെടുപ്പുള്ള വീട്

## ആഡംബരവും പ്രൗഢിയും സംഗമിക്കുന്ന കൊളോണിയൽ - മോഡേൺ ഹോം

ടെക്സ്റ്റ്: **ടീം ഡിസൈനർ**
ഫോട്ടോഗ്രഫി **ടർട്ടിൽ ആർട്സ് ഫോട്ടോഗ്രഫി**

കാഴ്ചയിൽ മനോഹരമായതിനൊപ്പം, തലയെടുപ്പും പ്രൗഢിയും നിലവാരവും ഒരുപോലെ ചേർത്തുവെച്ച് ഡിസൈൻ ചെയ്ത വീടാണിത്. വിശാലമായ പ്ലോട്ടിന്റെ ആനുകൂല്യം മികച്ച രീതിയിൽ ഉപയുക്തമാക്കിയതിനാൽ അകത്തളം പോലെ ഹൃദ്യമായ ലാൻഡ്സ്കേപ്പും ഇവിടെ കാണാനാകും. മുജീബ് ചെമ്പനും കുടുംബത്തിനും വേണ്ടി മലപ്പുറം ജില്ലയിലെ പടിക്കലിൽ പണികഴിച്ച വീട് ഡിസൈനർമാരായ ആരിഫ് മുഹമ്മദ്, സനൂപ് ടിപി (ആരിഫ് അസോസിയേറ്റ്സ്, കോഴിക്കോട്) എന്നിവർ ചേർന്നാണ് രൂപകൽപ്പന ചെയ്തത്. ഹൃദ്യമായി ക്രമീകരിക്കപ്പെട്ട ലാൻഡ്സ്കേപ്പിൽ ട്രോപ്പിക്കൽ പ്ലാന്റുകൾക്കൊപ്പം എക്സോട്ടിക്ക് ചെടികൾക്കും സ്ഥാനം നൽകി. പേവ്മെന്റ് ഏരിയകൾ ഗ്രാസുകൾ ചേർത്തും




**ആരിഫ് മുഹമ്മദ്, സനൂപ് ടിപി**



^
**എക്സ്റ്റീരിയർ:**
ഗേബിൾ റൂഫുകളുടെ തലയെടുപ്പും വെയിൻസ്കോട്ടിങ് ഉൾപ്പെടെയുള്ള കൊളോണിയൽ എലമെന്റുകളുടെ സാന്നിധ്യവും ഗ്രേ - ബ്രിക്ക് നിറങ്ങളുടെ കോമ്പിനേഷനും ചേർന്ന് തികച്ചും സന്തുലിതമായ എക്സ്റ്റീരിയർ കാഴ്ച ഇവിടെ കാണാം.






അല്ലാതെയും ഒരുക്കിയത് വ്യത്യസ്ത കൊണ്ടുവരുന്നു. നീളത്തിലുള്ള പ്ലോട്ടിന്റെ പിന്നിലേക്ക് വീട് സ്ഥാനപ്പെടുത്തിയതിനാൽ ഫ്രണ്ട് എക്സ്റ്റീരിയറിന്റെ മുഴുവൻ കാഴ്ചയും ലഭിക്കുന്നു. കൊളോണിയൽ-കന്റംപ്രറി ശൈലികൾ കൈകോർക്കുന്ന എക്സ്റ്റീരിയർ ഡിസൈനാണ് ഇവിടെ. ഗേബിൾ പാറ്റേണിലുള്ള സ്ലോപ്പ് റൂഫിന്റെ സാന്നിധ്യവും വെയിൻസ്കോട്ടിങ് ഡിസൈനുമെല്ലാം കൊളോണിയൽ ശൈലിയുടേതായി വരുന്നു. വൈറ്റ്നിറത്തിന് പുറമേ ഗ്രേ-ബ്രിക്ക്-വുഡൻ കളർകോമ്പിനേഷനും ഫ്രണ്ട് എക്സ്റ്റീരിയറിനെ ശ്രദ്ധേയമാക്കുന്നു. ലക്ഷ്വറിയും നിലവാരവും ചേർന്നാണ് അകത്തളത്തെ നിർവചിക്കുന്നത്. പൊലിമ നിറഞ്ഞ ഡിസൈൻ എലമെന്റുകളും ഫർണിഷിങ്ങും സ്പേസുകളെ ആഡംബരത്തികവിലേക്ക്

^
**ലാൻഡ്സ്കേപ്:**
ചെടികളും പുൽത്തകിടിയും പേവ്മെന്റുമെല്ലാം ചേർന്ന് ഫ്രണ്ട്യാർഡ് കൃത്യമായി ഉപയോഗപ്പെടുത്തി കൊണ്ടാണ് ലാൻഡ്സ്കേപ് ഒരുക്കിയത്.



## നീളത്തിലുള്ള പ്ലോട്ടിന്റെ പിന്നിലേക്ക് വീട് സ്ഥാനപ്പെടുത്തിയതിനാൽ ഫ്രണ്ട് എക്സ്റ്റീരിയറിന്റെ മുഴുവൻ കാഴ്ചയും ലഭിക്കുന്നു

< **സിറ്റൗട്ട്:**
തേക്കുതടിയുടെ കസേരകളും സോളിഡ് പാറ്റേണിൽ വൃത്താകൃതിയിലുള്ള ടീപോയുമാണ് സിറ്റൗട്ടിൽ വരുന്നത്.





ഉയർത്തുന്നു. കാർപോർച്ച്, സിറ്റൗട്ട്, ഫോർമൽ ലിവിങ്, ഫാമിലി ലിവിങ്, അപ്പർ ലിവിങ്, ബാത് അറ്റാച്ച്ഡായ അഞ്ച് കിടപ്പുമുറികൾ, പാഷ്യോ, ബാൽക്കണി, കിച്ചൻ, വർക്കേരിയ, ജിം ഏരിയ എന്നിവയാണ് സ്പേസുകൾ. ഇതുകൂടാതെ മുൻവശത്തെ കാഴ്ചയിൽ ദൃശ്യമാകാത്ത വിധം ഒരുക്കിയ ബേസ്മെന്റ് ഏരിയയും ഉണ്ട്. പാർട്ടി ഏരിയയും മൾട്ടിപർപ്പസ് ഏരിയയായും ഉപയോഗപ്പെടുത്താവുന്ന ബേസ്മെന്റ് പ്ലോട്ടിന്റെ ലെവൽ വ്യത്യാസം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പിൻവശത്താണ് സ്ഥാനപ്പെടുത്തിയിരിക്കുന്നത്. ഡോർ, വിൻഡോ,

^
**ഫോർമൽ ലിവിങ്:**
ബെയ്ജ് നിറത്തിലുള്ള ലെതർസോഫ ഡബിൾസൈഡിലും കൂടാതെ ലോങ്ചെയറും റിക്ലൈനർ ചെയറും ടീപോയും ഇവിടെ ഒരുക്കി. ഷാന്റിലിയറും സ്റ്റാൻഡിങ് ലൈറ്റും പ്ലൈവുഡ്-വെനീർ ഫിനിഷിൽ ഒരുക്കിയ സീലിങ്ങും വുഡൻ-പ്ലാനിലാക്ക് കോമ്പിനേഷനിൽ ഒരുക്കിയ പാനലിങ്ങും കാണാം.







^
**ഫോയർ:**
ഫോയറിനെ ശ്രദ്ധേയമാക്കുന്നത് കൺസോൾ ടേബിളും, ടേബിൾടോപ്പിൽ നൽകിയ ക്യൂരിയോസുമാണ്. ടെക്സ്ചറും വാൾ വർക്കുമാണ് ഭിത്തിയുടെ ഹൈലൈറ്റ്.

ഡബിൾഹൈറ്റ് ഏരിയകളിലും വലിപ്പമേറിയ സ്പേസുകളിലും ഷാന്റിലിയറുകൾ നൽകിയത് എടുപ്പു പകരുന്നു

ഗോവണി എന്നിവയൊരുക്കാൻ ടീക്ക് വുഡാണ് ഉപയോഗിച്ചത്. ഫ്ളോറിങ്ങിന് ഇറ്റാലിയൻ മാർബിളിനൊപ്പം ഇറക്കുമതി ചെയ്ത വുഡൻപ്ലാങ്കും തെരഞ്ഞെടുത്തു. സീലിങ്ങിലും വാൾ പാനലിങ് വർക്കുകളിലും സോളിഡ് വുഡിന്റെ പ്രൗഢി പകരുന്നത് പ്ലൈവുഡും വെനീറുമാണ്. കൂടാതെ ടെക്സ്ചറുകളും സിഎൻസി കട്ടിങ്ങുകളും വാൾഫ്രെയിമുകളുമെല്ലാം സ്പേസുകളെ ഹൈലൈറ്റു ചെയ്യുന്നു. ഡബിൾഹൈറ്റ് ഏരിയകളിലും വലിപ്പമേ








^
**ഡൈനിങ്:**
ഡബിൾ കളർഷെയ്ഡിലുള്ള കസേരകളും മാർബിൾടോപ്പ് ടേബിളുമാണ് ഫർണിച്ചർ. മധ്യഭാഗത്ത് വുഡൻ ഫിനിഷ് നൽകി ഹൈലൈറ്റു ചെയ്യുന്ന സീലിങ്ങും ഹാങ്ങിങ് ലൈറ്റും നൽകി.

## പൊലിമ നിറഞ്ഞ ഡിസൈൻ എലമെന്റുകളും ഫർണിഷിങ്ങും സ്പേസുകളെ ആഡംബരത്തിക വിലേക്ക് ഉയർത്തുന്നു



**കോർട്ട്യാർഡ്:** >
പെബിൾ ഏരിയയും ഇൻഡോർപ്ലാന്റും ഡെക്ക് ഏരിയയും ചേർത്താണ് കോർട്ട്യാർഡ് ഒരുക്കിയത്. ഇറക്കുമതി ചെയ്ത വുഡാണ് ഡെക്കൊരുക്കാൻ ഉപയോഗിച്ചത്. ചെയറും വുഡൻസ്വിങും ഇരിപ്പിടമായി നൽകി.





^
**ഫാമിലി ലിവിങ്:**
ഡബിൾഹൈറ്റാണ് ഈ സ്പേസിന്റെ പ്രത്യേകത. ടീൽ ഗ്രീൻ നിറത്തിലുള്ള സോഫയും ഡബിൾ ലെയേർഡ് ടീപോയും വാൾഫ്രെയിമുകളും പ്ലൈവുഡ്- പെയിന്റ് ഫിനിഷിൽ ഒരുക്കിയ വെയിൻസ്കോട്ടിങ് പാറ്റേണും ഇവിടെ ഉൾക്കൊള്ളിച്ചു. ഗ്ലോബ് പാറ്റേണിലുള്ള സ്റ്റാൻഡിങ് ലൈറ്റും ശ്രദ്ധേയമാണ്.

^
**ഗോവണി:**
ടീക്ക്‌വുഡിനൊപ്പം മെറ്റൽപ്ലേറ്റും ഗ്ലാസും തടിയും ചേർത്താണ് ഗോവണി ഡിസൈൻ ചെയ്തത്.

**അപ്പർലിവിങ്:**
ഡാർക്ക് ക്യാമൽ നിറത്തിലുള്ള സോഫയും ടാൻയെല്ലോ നിറത്തിലുള്ള ലോഞ്ച് ചെയറും ടീപോയും ഇവിടെ ക്രമീകരിച്ചു. സ്റ്റാൻഡിങ് ലൈറ്റും കോർണർ സ്റ്റാൻഡുകളുമാണ് ഹൈലൈറ്റ്.
V











^

**ബെഡ്റൂമുകൾ:**
വ്യത്യസ്തവും പൊലിമയേറിയതുമായ ഡിസൈനിങ് ഒരോ ബെഡ്റൂമുകളിലും കാണാം. ഹെഡ്സൈഡ് വാളുകളും ഹെഡ്റെസ്റ്റ് ഏരിയകളുമെല്ലാം നിലവാരപൂർവം ഹൈലൈറ്റു ചെയ്തു. ഫൂട്ട്റെസ്റ്റ് ബെഞ്ചുകൾ, ചെയറുകൾ, വാഡ്രോബുകൾ, ഡ്രസിങ് ഏരിയകൾ എന്നിവയെല്ലാം ഒരുക്കി. ടേബിൾലാംപുകൾക്ക് പുറമേ, ഹാങിങ്- വാൾമൗണ്ടഡ് ലൈറ്റുകളും കിടപ്പുമുറികളെ മനോഹരമാക്കുന്നു.

v

**സീലിങ്ങിലും വാൾ പാനലിങ് വർക്കുകളിലും സോളിഡ് വുഡിന്റെ പ്രൗഢി പകരുന്നത് പ്ലൈവുഡും വെനീറുമാണ്**












റിയ സ്പേസുകളിലും ഷാന്റിലിയറുകൾ നൽകിയത് എടുപ്പു പകരുന്നു. ഹോട്ടൽസ്വീറ്റ് റൂം പോലെ ഡിസൈൻ ചെയ്ത ബെഡ്റൂമുകളെല്ലാം വ്യത്യസ്തമായ തീമിൽ ഒരുക്കാൻ ശ്രദ്ധിച്ചു. കിച്ചന്റെ ഭാഗമായി മിനിഡൈനിങ് സ്പേസ് ഉൾക്കൊള്ളിച്ചു. ഗോവണിയുടെ ചുവടെയുള്ള ഏരിയ ചൈന ഡോൾപ്ലാന്റും ബ്ലാക്ക് ആൻഡ് വൈറ്റ് പെബിളുകളും ഇടകലർത്തി അലങ്കരിച്ചിട്ടുണ്ട്. ആഡംബരത്തിനൊപ്പം പ്രൗഢിയും നിലവാരവും ഈ വീട്ടിൽ സംഗമിക്കുന്നുണ്ടെന്ന് നിസ്സംശയം പറയാം. ■



മുജീബ് ചെമ്പനും കുടുംബവും





| PROJECT DETAILS | |
|---|---|
| Engineer/Designer / Project In Charge | Arif Mohammed<br>Sanoop T P<br>Arif Associates<br>Calicut |
| Owner | Mujjeb Chemban |
| Location | Padikal Malapuram |
| Year of Completion | 2024 |
| Site Area | 32.27 Cent |
| Built Area | 8700 Sq.Ft. |





**കിച്ചൻ:** >
വൈറ്റ്- ടീൽഗ്രീൻ കളർ തീമാണ് ഇവിടെ. മൾട്ടിവുഡ്- ലാക്വേഡ് ഗ്ലാസ് കോമ്പിനേഷനിൽ ക്യാബിനറ്റുകൾ ചെയ്തു. കൊറിയൻ ടോപ്പാണ് കൗണ്ടർടോപ്പൊരുക്കാൻ ഉപയോഗിച്ചത്.

# എബ്കോയും പാരിസ് ഒളിമ്പിക്സ് 2024 – നുള്ള ഇന്ത്യൻ ടീമും കൈകോർക്കുന്നു

ഇന്ത്യയിലെ പ്രമുഖ ഫർണിച്ചർ ഫിറ്റിങ്സ് നിർമ്മാതാക്കളായ എബ്കോ ഇപ്പോൾ 2024-ലെ പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന്റെ ഔദ്യോഗിക പങ്കാളി കൂടിയാണ്.

യഥാർത്ഥ ഇന്ത്യക്കാരും, അക്ഷരാർത്ഥത്തിൽ ലോകോത്തര നിലവാരം പുലർത്തുന്നവരുമായ അത്‌ലറ്റുകളെപ്പോലെ തന്നെയാണ് എബ്കോയും. എബ്കോയുടെ ഡിജിറ്റൽ ചാനലുകളിൽ സജീവമാകാൻ പോകുന്ന പുതിയ ക്യാമ്പയിനിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്. എബ്കോയുടെ ഡീലർമാരെയും ഡിസ്ട്രിബ്യൂട്ടർമാരെയും ലക്ഷ്യമാക്കിയാണ് ഈ ക്യാമ്പയിൻ നടക്കുന്നത്.

‘‘ഇന്ത്യൻ നിർമ്മാണ രംഗത്തെ അതികായരിൽ ഒരാളായ എബ്കോയുമായുള്ള സഹകരണത്തിൽ ഞാൻ അതീവ സന്തുഷ്ടയാണ്. കായികരംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഉന്നതങ്ങളിലേക്കുള്ള അത്‌ലറ്റുകളുടെ യാത്രയെ പിന്തുണയ്ക്കുന്നതിനും വേണ്ടി കൈകോർത്ത് പ്രവർത്തിക്കുന്ന വേളയിൽ കൃത്യതയും ഗുണനിലവാരവും പുരോഗതിയും ഉറപ്പുവരുത്താൻ ഈ സഹകരണം ഞങ്ങളെ പ്രതിജ്ഞാബദ്ധരാക്കുന്നു’’ എന്നാണ് ഈ പാർട്ണർഷിപ്പിനെ കുറിച്ച് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റായ ഡോ. പിടി ഉഷ അഭിപ്രായപ്പെട്ടത്.

‘‘ഇന്ത്യൻ ഒളിമ്പിക് ടീമിന്റെ ഔദ്യോഗിക പങ്കാളിയാകുന്നതിൽ ഞങ്ങൾ വളരെയധികം അഭിമാനിക്കുന്നു. ഇന്ത്യൻ ടീമിലെ






കളിക്കാർ നൂറ് കോടിയിൽപരം വരുന്ന ഇന്ത്യക്കാരുടെ പ്രതീക്ഷകളെയും അഭിലാഷങ്ങളെയും പരിപോഷിപ്പിക്കുന്നതിനൊപ്പം കായികരംഗത്തെ ഉയർന്ന തലങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നതിലൂടെ ഞങ്ങളെ അഭിമാന പുളകിതരാക്കുകയും ചെയ്യുന്നു. അത്‌ലറ്റുകൾക്കും ഞങ്ങൾക്കും ഇടയിലെ മൂല്യങ്ങളുടെയും സവിശേഷതകളുടെയും സമാനതകൾ പരിഗണിക്കുമ്പോൾ വളരെ അനുയോജ്യമായ ഒരു പങ്കാളിത്തമാണിത്. ഈ പങ്കാളിത്തത്തെ സംബന്ധിച്ച് ഞങ്ങൾ വളരെയേറെ ആകാംക്ഷാഭരിതരാണ്. ക്യാമ്പയിൻ തുടങ്ങുന്ന ദിവസത്തിനായി അക്ഷമരായി കാത്തിരിക്കുകയാണ് ഞങ്ങൾ'' എന്ന് ഈ ക്യാമ്പയിനിനെ കുറിച്ച് എബ്കോയുടെ സെയിൽസ് & മാർക്കറ്റിങ് ഡയറക്ടർ ആയ രാജേഷ് നായരും അഭിപ്രായപ്പെട്ടു.

ഇൻഫെക്ഷൻ അഡ്വർടൈസിങ് ക്രിയേറ്റീവ് ചെയർമാൻ ആയ രാമാനുജശാസ്ത്രി ഈ ക്യാമ്പയിനിനെ കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്. ''വളരെ അനുയോജ്യമായ ഒരു പങ്കാളിത്തമാണ് ഇത്. ഇന്ത്യൻ ഒളിമ്പിക് ടീമും എബ്കോയും ലോകോത്തര നിലവാരത്തിനായി നിലകൊള്ളുന്നവരാണ്, അതോടൊപ്പം യഥാർത്ഥ ഇന്ത്യക്കാരും''.

''എബ്കോയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും തമ്മിലുള്ള സഹകരണം സുഗമമായി നടപ്പാക്കുന്നതിന് IOS അംഗങ്ങളായ ഞങ്ങൾ ആവേശത്തോടെ കാത്തിരിക്കുകയാണ്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ ഔദ്യോഗിക മാർക്കറ്റിങ് ഏജൻസി എന്ന നിലയ്ക്ക് ഏറ്റവും മികച്ച സമ്മർ ഒളിമ്പിക്സ് നേട്ടത്തിനായുള്ള ഇന്ത്യൻ ജനതയുടെ ദാഹത്തെ പിന്തുണയ്ക്കുന്ന വിവിധ വിഭാഗങ്ങളിലുള്ള ബ്രാൻഡുകളെ സ്വാഗതം ചെയ്യുന്നത് ഞങ്ങൾക്കും സന്തോഷമുള്ള കാര്യമാണ്. നൂതനത്വവും ലോകോത്തര നിലവാരവും ഉയർത്തിക്കാട്ടുന്നവയാണ് എബ്കോയുടെ ഉൽപ്പന്നങ്ങൾ. ഇന്ത്യയുടെ വിജയസാധ്യത ഊട്ടി ഉറപ്പിക്കുന്നതിനായി ലോകോത്തര പിന്തുണ നൽകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്'' എന്ന് ഐഎസ് സ്പോർട്സ് ആൻഡ് എന്റർടൈൻമെന്റ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ആയ നീരവ് തോമറും സൂചിപ്പിച്ചു.

---

# ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസ് വിപണിയിൽ തരംഗമാകുന്നു

ജർമൻ ബാത്റൂം ആൻഡ് വെൽനസ് ബ്രാൻഡ് ആയ വിൽറോയ് ആൻഡ് ബോഹിന്റെ കേരളത്തിലെ പ്രമുഖ ഡീലർ ആണ് ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. ഇറക്കുമതി ചെയ്ത ടൈലുകളുടെയും സാനിറ്ററി വെയറുകളുടെയും ബാത്റൂം ഫിറ്റിങ്ങുകളുടെയും കമനീയ ശേഖരവുമായി ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസിന്റെ പ്രീമിയം ഷോറൂം 1993 മുതൽ കൊച്ചിയിൽ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. രണ്ടരപ്പതിറ്റാണ്ടിന്റെ സേവനപാരമ്പര്യമുള്ള ഈ സ്ഥാപനം ജർമൻ ബ്രാൻഡുകൾ ആയ വിൽറോയ് & ബോഹ്, ഹാൻസ് ഗ്രൊഹെ, ഇറ്റാലിയൻ ബ്രാൻഡുകൾ ആയ ഫിമ, കാറ്റലാനൊ, ടർക്കിഷ് ബ്രാൻഡുകൾ ആയ വിട്രാ എന്നിവയടക്കം വിവിധ അന്തർദേശീയ ബ്രാൻഡുകളുടെ പ്രീമിയം ബാത്റൂം & സാനിറ്ററി വെയർ ഉൽപ്പന്നങ്ങളാണ് ഉപഭോക്താക്കളിലേക്കെത്തിക്കുന്നത്. അറ്റ്ലസ് കോൺകോഡ്, എമിൽ സെറാമിക്ക, സീസർ എന്നീ ബ്രാൻഡുകളുടെ ഇമ്പോർട്ടഡ് ടൈലുകളും ഇവിടെയുണ്ട്. കൊച്ചിയിലെ വാണിജ്യ കേന്ദ്രമായ ഇടപ്പള്ളിയിൽ ഇന്ന് ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസിന് രണ്ട് സ്റ്റോറുകൾ ഉണ്ട്. ഏകദേശം 4500 ചതുരശ്ര അടിയിൽ ഉള്ള ആദ്യത്തെ ഷോറൂമിൽ പ്രമുഖ ഇന്ത്യൻ ബ്രാൻഡുകൾ ആയ കജാരിയ, RAK, സിം പോളോ, നെക്സിയോൺ എന്നിവ അടക്കം വിവിധ ബ്രാൻഡുകളുടെ ടൈൽ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. 12000 സ്ക്വയർ ഫീറ്റിലുള്ള പ്രീമിയം ഷോറൂമിൽ മേൽത്തരം ടൈലുകൾ, സാനിറ്ററി വെയർ, ബാത്റൂം ഫിറ്റിങ്സ് എന്നിവയുടെ വിപുലമായ ശേഖരമാണ് അണിനിരത്തിയിട്ടുള്ളത്. പല പ്രമുഖ ആർക്കിടെക്റ്റുകളും ഇന്റീരിയർ ഡിസൈനർമാരും റീട്ടെയിൽ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തുന്ന ഈ സ്ഥാപനത്തിന്റെ സംതൃപ്തരായ ഉപഭോക്താക്കളാണ്. സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാ ബ്രാൻഡുകളും ക്ലയന്റുകളുമായി സുദൃഢ ബന്ധം കാത്തുസൂക്ഷിക്കുന്നുണ്ടെന്നതും, വിപണിയിലെ പുതുപ്രവണതകൾ കൃത്യമായി അവലോകനം ചെയ്യുന്നുണ്ടെന്നതും, ഉപഭോക്താക്കൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നുണ്ടെന്നതുമാണ് അൽത്താഫ് നൈനയുടെ സാരഥ്യത്തിൽ പുത്തൻ ഉയരങ്ങൾ കീഴടക്കാൻ ഈ സ്ഥാപനത്തെ പര്യാപ്തമാക്കുന്നത്. കോവിഡ് മഹാമാരിക്ക് ശേഷം മികച്ച സാനിറ്ററി ബാത്റൂം ഫിറ്റിങ്ങുകൾ തിരഞ്ഞെടുക്കുന്നതിൽ ഉപഭോക്താക്കൾ കൂടുതൽ ശ്രദ്ധാലുക്കളാണ്. ഇത് പ്രീമിയം ബാത്റൂം ഫിക്സ്ചറുകളുടെയും ആക്സസറികളുടെയും ആവശ്യകത വർദ്ധിപ്പിക്കുന്നുണ്ട്. സുസ്ഥിരവും പ്രകൃതി സൗഹൃദവും ഊർജ്ജക്ഷമവുംആയ ലോ ഫ്ളോ ടോയ്‌ലറ്റുകൾ, സ്മാർട്ട് ഷവറുകൾ മുതലായ ബാത്റൂം സൊല്യൂഷനുകൾക്കാണ് ആവശ്യക്കാർ കൂടുതൽ. കേരളത്തിൽ വർണ്ണാഭവും മാറ്റ് ഫിനിഷിലുള്ളതുമായ സാനിറ്ററി വെയറിനും പിവിഡി കോട്ടിങ് ഉള്ള ബാത്റൂം ഫിറ്റിങ്ങുകൾക്കും ആവശ്യക്കാർ ഏറെയാണ്. ആഡംബര പൂർണ്ണമായ സ്പാ അനുഭവം ബാത്റൂം ഉപഭോക്താക്കൾക്ക് നൽകാനും ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസിന്റെ അമരക്കാർ ശ്രദ്ധിക്കാറുണ്ട്. ഈ വസ്തുതകൾ 12 വർഷക്കാലമായി 275 വർഷത്തെ സമ്പന്നമായ പൈതൃകം ഉള്ള വിൽറോയ് & ബോഹിന്റെ ഉൽപ്പന്നങ്ങൾ കേരള വിപണിയിൽ എത്തിക്കുന്ന ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസിനെ കൂടുതൽ ജനപ്രിയമാക്കുന്നു. ഇന്ത്യയിലെ സാനിറ്ററി വിപണി പ്രതിവർഷം 7.38 ശതമാനം എന്നതോതിൽ വളരുന്നുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. സാനിറ്ററി വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഒത്ത് മുന്നേറാൻ ഇടപ്പള്ളിയിലെ രണ്ട് ഷോറൂമുകളും സർവ്വ സജ്ജമാണ്.



അൽത്താഫ് നൈന

TROPICAL

*കൂടുതൽ വിവരങ്ങൾക്ക്- ട്രോപ്പിക്കൽ ബാത് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഫോൺ- 9072082323, ഇമെയിൽ- sales@tropicaltile.com*



**ഡോ. ചിത്ര കെ**
അസോസിയേറ്റ് പ്രൊഫസർ,
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,
കാലിക്കറ്റ്

# കൃത്രിമ ബുദ്ധി ആർക്കിടെക്ചർ മേഖലയ്ക്ക് അനുഗ്രഹമോ ശാപമോ

ആർക്കിടെക്ചർ മേഖലയിൽ കൃത്രിമ ബുദ്ധി പ്രയോജനപ്പെടുത്തുന്നതോടെ ഡിസൈനിങ് ജോലികളും, പ്രോജക്റ്റ് മാനേജ്മെന്റും എളുപ്പമാക്കാനും നിർമ്മാണ പ്രക്രിയകൾ സരളമാക്കാനും സാധിക്കും. ശക്തമായ മറ്റേതൊരു ആയുധത്തെയും പോലെ ഇതിനും പ്രയോജനങ്ങളും പ്രത്യാഘാതങ്ങളുമുണ്ട്. കൃത്രിമ ബുദ്ധിയുടെ പ്രയോജനങ്ങളെ ആദ്യം വിശകലനം ചെയ്യാം..

കൃത്രിമ ബുദ്ധിയുമായി സംയോജിപ്പിച്ചിട്ടുള്ള ബിൽഡിങ് ഇൻഫർമേഷൻ മോഡലിങ്ങിന് (BIM) ഡ്രാഫ്റ്റിങ്, മോഡലിങ്, പൊരുത്തക്കേടുകൾ കണ്ടെത്തൽ മുതലായ സ്ഥിരം ജോലികളെ ഓട്ടോമേറ്റ് ചെയ്യാനാകും. കൃത്രിമ ബുദ്ധിയുടെ അൽഗരിതങ്ങൾക്ക് പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള തെറ്റുകളും കാലതാമസവും കുറയ്ക്കാനാകും. അത് പോലെ കാലാവസ്ഥാപരമായ സവിശേഷതകൾ, സൂര്യരശ്മികളുടെയും കാറ്റിന്റെയും സഞ്ചാര പാത മുതലായ പാരിസ്ഥിതിക വിവരങ്ങളെ വിശകലനം ചെയ്യാനും കെട്ടിടത്തിന്റെ ശരിയായ ദിശ നിർണയിക്കാനും, ഉചിതമായ നിർമ്മാണ സാമഗ്രികളും ഊർജ്ജ സംവിധാനങ്ങളും തിരഞ്ഞെടുക്കാനും കൃത്രിമ ബുദ്ധി പ്രയോജനപ്പെടുത്താം. കൃത്രിമ ബുദ്ധിയുടെ സഹായത്തോടെ സൂര്യപ്രകാശത്തെയും വായു സഞ്ചാരത്തെയും താപനിലയെയും ആവശ്യാനുസരണം നിയന്ത്രിക്കാനും വൈദ്യുതലൈറ്റുകളുടെയും ശീതീകരണികളുടെയും ഹീറ്ററുകളുടെയും മറ്റും ഉപയോഗം കുറയ്ക്കാനും കഴിയും. ഇത് ഊർജ്ജ ഉപഭോഗത്തിലും ഹരിതവാതകങ്ങളുടെ ബഹിർഗമനത്തിലും ഗണ്യമായ കുറവ് വരുത്തും.

കൃത്രിമ ബുദ്ധി സങ്കേതങ്ങൾക്ക് കാര്യങ്ങൾ വേഗത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന കാര്യക്ഷമമായ വിഷ്വലൈസേഷൻ ഇന്റർ ആക്റ്റീവ് ടൂളുകളുടെ സഹായത്തോടെ ക്ലയന്റുകളുമായുള്ള ആശയവിനിമയം മെച്ചപ്പെടുത്താനും സാധിക്കും. കൃത്രിമ ബുദ്ധിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന വെർച്വൽ റിയാലിറ്റി (VR), ഓഗ്മെന്റഡ് റിയാലിറ്റി (AR) സാങ്കേതികവിദ്യകൾ തങ്ങൾ വിഭാവനം ചെയ്യുന്ന നിർമ്മിതിയും അതിനു ചുറ്റുമുള്ള പരിസ്ഥിതിയും ത്രിമാന മോഡലുകളുടെ സഹായത്തോടെ അനുഭവിച്ചറിയാനുള്ള അവസരം ക്ലയന്റുകൾക്ക് നൽകും. തങ്ങളുടെ പ്രോജക്റ്റ് കമ്പ്യൂട്ടർ സ്ക്രീനിൽ പ്രദർശിപ്പിക്കാൻ വെർച്വൽ റിയാലിറ്റി ആർക്കിടെക്റ്റുകളെ സഹായിക്കും. അതുപോലെ ഓഗ്മെന്റഡ് റിയാലിറ്റി ആപ്പിന്റെ സഹായത്തോടെ സൈറ്റ് നേരിട്ട് ഒരുവട്ടം പോലും സന്ദർശിക്കാത്ത ക്ലയന്റുകൾക്ക് പോലും ആ ഡിസൈൻ ചുറ്റി നടന്ന് കാണാനും സാധിക്കും. ചുരുക്കത്തിൽ, ഡിസൈനിന്റെ ആദ്യ ഘട്ടങ്ങളിൽ തന്നെ തങ്ങൾ സ്വപ്നം കാണുന്ന നിർമ്മിതിയുടെ അന്തിമ രൂപം നേരിട്ട് കാണാനും വിശകലനം ചെയ്യാനും സഹായിക്കുന്നതിലൂടെ ഉപഭോക്താക്കളെ വളരെ സന്തുഷ്ടരും സംതൃപ്തരും ആക്കാൻ കൃത്രിമ ബുദ്ധിക്ക് സാധിക്കും.

*കൃത്രിമബുദ്ധിയുടെ പ്രത്യാഘാതങ്ങൾ
അടുത്ത ലക്കത്തിൽ....*

മാഗസിനിൽ പ്രോജക്റ്റുകൾ പ്രസിദ്ധീകരിയ്ക്കാനാഗ്രഹിക്കുന്നവർ പ്രോജക്റ്റ് ചിത്രങ്ങളും വിശദാംശങ്ങളും ഇമെയിലായി അയയ്ക്കുക.
വിലാസം: editor@designerpublications.com

Printed, Published And Owned By L.Gopakumar, Designer Publications Kerala Pvt. Ltd. 39/4722. DPK Towers, R. Madhavan Nair Road, Ravipuram, Kochi, Kerala. And Printed At Thomson Press (India) Ltd., Maraimalai Nagar, Tamil Nadu, And Published From Designer Publications Kerala Pvt. Ltd. 39/4722. DPK Towers, R. Madhavan Nair Road, Ravipuram, Kochi, Kerala. Editor: L Gopakumar




AXOR | hansgrohe | DURAVIT | Villeroy & Boch 1748 | RADOMONTE VENEZIA | CRISTINA RUBINETTERIE | SCARABEO | BOSSINI
GROHE | KOHLER | Artize | Jaquar | AQUANT CONTEMPORARY BATHROOMS | Nexion | LIOLI | Kajaria ETERNITY tiles forever
SOMANY | NITCO | Simpolo ceramics | ISPIRA STEP INTO STYLE | HÄFELE | FRANKE | REGINOX | caesarstone

41 / 182A, N.H Bypass Road, Edappally
Kochi - 682024 +91 98953 01075

Peekay Circle, Near Sub Registrar Office
Chokli, Kannur - 673310 +91 99465 87772

PEEKAY

IN-STORE

KOCHI | CHOKLI



# ARGEST

## TILES AND SANITARYWARES

Imagined to be excelled. Executed to be experienced. The class, stature and art of Peekay in - Store is meant for people who go global. Everything unique and anything rare is in here to make your dream home classy and outstanding. This South India's largest experience store will be the reflection of your aspirations and an end point of versatility of products.




CREAIGHT.IN

RNI No. KERMAL/2004/15052 Registered KL/EKM/658/2024-26 KL/CR/EKM/WPP-4/2024-26 Total Pages: 84
Date of publishing 1/6/2024 Designer+Builder Magazine Licensed to Post Without Prepayment ISSN 2320-2394

